# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 ജൂലൈ–2010 ലക്കം 04**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ - യുവജനദിനം ...................................... 03
സർക്കുലർ ...................................................... 06
സർക്കുലർ ...................................................... 11
ഇടയലേഖനം - സഭാദിനം ......................................... 17
സർക്കുലർ - തടവറ പ്രേഷിതദിനം ............................... 22
രൂപതാകച്ചേരി വാർത്തകൾ .................................... 25
ബഹു. അച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക് ................... 34
പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി
തെരഞ്ഞെടുപ്പ് ................................................... 36
മതബോധനരംഗം ................................................ 37
ബൈബിൾ അപ്പോസ്റ്റലേറ്റ് ..................................... 42
ചെറുപുഷ്പമിഷൻലീഗ് ......................................... 44
കെ. സി. വൈ. എം. ................................................ 49
കുടുംബപ്രേഷിതത്വം ........................................... 55
സിയോൻ വാർത്തകൾ............................................ 58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 61
അറിയിപ്പുകൾ ................................................... 62
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .............................. 64
ബിഷപ്സ് പ്രോഗ്രാം ........................................... 65

# സർക്കുലർ

***Circular Letter No. 8/2010***
***Prot. No. 9716/2010***

## യുവജനദിനം ജൂലൈ 4

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ജൂലൈ 4 ഞായറാഴ്ച കേരള കത്തോലിക്കാ സഭയിൽ യുവജനദിനമായി ആചരിക്കുകയാണല്ലോ. യുവജനങ്ങളുടെ ശക്തിയും കഴിവുകളും തിരിച്ചറിഞ്ഞ് അവരെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത് അവരെ സഭയുടെ ശക്തിസ്രോതസും അടിത്തറയുമായി സംരക്ഷിക്കുകയെന്ന യുവജന ശുശ്രൂഷ ഇന്നത്തെ കാലഘട്ടത്തിൽ കൂടുതൽ പ്രസക്തമാണ്. യുവത്വത്തിന്റെ ചിന്തകളും ദർശനങ്ങളും സഭയേയും സമൂഹത്തെയും യൗവ്വനയുക്തയാക്കാൻ തക്കവിധം രൂപപ്പെടുത്തിയെടുക്കാൻ ഏവരും ശ്രമിക്കണം. വിധ്വംസക പ്രവർത്തനങ്ങളും കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരങ്ങളും യുവജനങ്ങളിൽ കൂടുതൽ സ്വാധീനം ചെലുത്തുന്ന ഇന്ന്, ക്രൈസ്തവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും മുറുകെപിടിക്കുന്ന ഒരു യുവതലമുറയ്ക്ക് രൂപം കൊടുക്കുവാൻ നമുക്ക് സാധിക്കണം. കേവലം മുപ്പത് വയസിലാണ് മനുഷ്യരക്ഷയെന്ന മഹാദൗത്യനിർവ്വഹണത്തിന് യേശു പരസ്യമായി രംഗത്തിറങ്ങുന്നത്. ആ ദൗത്യനിർവ്വഹണത്തിൽ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി മുന്നോട്ടുപോയ യേശുവുമായുള്ള ആത്മബന്ധം യുവാക്കൾക്കുണ്ടാകണം. സഭയിലെ സജീവമായ പങ്കാളിത്തം, കൂദാശാധിഷ്ഠിതമായ ജീവിതം, സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിൽ ക്രിസ്തീയ ധാർമ്മികതയിൽ ഊന്നിയ ഭാഗഭാഗിത്വം എന്നിവയിലൂടെ സഭയുടെ യൗവ്വനമായ യുവജന സമൂഹം ഉണർന്നെഴുന്നേൽക്കണം.

2010 ഫെബ്രുവരി മാസത്തിൽ ആസാമിലെ ഗോഹട്ടിയിൽ നടന്ന ഭാരത മെത്രാൻ സംഘത്തിന്റെ പൊതുസമ്മേളനത്തിന്റെ ചർച്ചാവിഷയം യുവജനങ്ങളെക്കുറിച്ചായിരുന്നു."Youth for peace and harmony" – യുവജനങ്ങൾ സമാധാനത്തിനും സഹവർത്തിത്വത്തിനും എന്നതായിരുന്നു പഠനവിഷയം. കലുഷിതമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ, വികലവും നിഷേധാത്മകവുമായ നിലപാടുകൾ സ്വീകരിക്കാതെ – സമാധാനത്തിനും സമന്വയത്തിനും മുൻഗണന കൊടുത്ത് – സാമൂഹിക പ്രതിബദ്ധതയാർന്ന ജീവിത ശൈലികൾ യുവജനങ്ങൾ ഉൾക്കൊള്ളണമെന്ന് സമ്മേളനം ചൂണ്ടിക്കാണിച്ചു. യുവത്വത്തെ സ്വാധീനിക്കുന്ന മാധ്യമങ്ങളും കമ്പോളങ്ങളും അക്രമരാഷ്ട്രീയ ചിന്തകളും ലൈംഗിക അരാജകത്വങ്ങളും തിരിച്ചറിഞ്ഞ് – സഭാത്മക ജീവിതത്തിന്റെ പ്രസക്തി മനസ്സിലാക്കി – സമൂഹത്തിനും സഭയ്ക്കും രാഷ്ട്രീയത്തിനും യുവജനങ്ങൾ യുവത്വം പകരണം. ഭാരതത്തിന്റെ എല്ലാ ഭാഗത്തു നിന്നുള്ള കത്തോലിക്കാ യുവജന പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ഗോഹട്ടി സമ്മേളനം – യുവജനങ്ങൾ സാമൂഹിക രാഷ്ട്രീയ പ്രേഷിതത്വത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കണമെന്ന് ഓർമ്മിപ്പിച്ചു. മനുഷ്യാവകാശങ്ങൾ, സാമൂഹിക നീതി എന്നീ പ്രശ്നങ്ങളിൽ ഇടപ്പെടുക, ഗ്രാമസഭകളിൽ പങ്കുചേരുക, മൂല്യാധിഷ്ഠിതവും അഴിമതിരഹിതവുമായ നേതൃനിര രൂപീകരിക്കുക, രാഷ്ട്രീയത്തിനതീതമായി സമൂഹത്തിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സജ്ജരായ യുവനേതൃത്വത്തെ വളർത്തിയെടുക്കുക എന്നിവ നിങ്ങളുടെ ലക്ഷ്യങ്ങളായിരിക്കട്ടെ.

രൂപതയിലെ മുഴുവൻ യുവജനങ്ങളെയും നമ്മുടെ യുവജന സംഘടനയിൽ അംഗങ്ങളാക്കണം. അതിനായി ഓരോ ഇടവകയിലെയും യുവജനങ്ങളുടെ സർവ്വേ നടത്തി പുറത്ത് പഠനത്തിനും ജോലിക്കുമായി പോയിരിക്കുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് അവരുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകണം.

കെ.സി.വൈ.എം. സംഘടന രൂപതയിലെ എല്ലാ ഇടവകകളിലും സജീവമാകണം. സമൂഹത്തിനും രാഷ്ട്രത്തിനും സഭയ്ക്കും വേണ്ടി സേവനം ചെയ്യുന്ന നിരവധി നേതാക്കളെ വളർത്തിയെടുക്കാൻ ഈ സംഘടനയ്ക്ക് കഴിയും. ജൂലൈ 4 ഞായറാഴ്ച യുവജനങ്ങൾക്കായി

പ്രത്യേകം ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് ആചരിക്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു. യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന യൂണിറ്റ്, മേഖല, രൂപത ഭാരവാഹികളെയും എല്ലാ വൈദികരെയും സന്യസ്തരെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും യുവജനദിനാശംസകൾ നേരുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ജൂൺ 20 നൽകപ്പെട്ടത്.

യേശുവിൽ,



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജൂലൈ 4 -ാം തീയതി പള്ളികളിൽ വായിക്കുകയോ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്. ജൂലൈ 4 ന് വായിക്കാൻ സാധിക്കാത്ത പള്ളികളിൽ അതിനടുത്ത ഞായറാഴ്ച വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 9/2010***
***Prot. No. 9733/2010***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

സാമാന്യം നീണ്ട മദ്ധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. കഴിഞ്ഞ വർഷത്തെ വിജയപരാജയങ്ങൾ വിലയിരുത്തി കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും പുതിയ തീരുമാനങ്ങളോടും കൂടി മുന്നേറുവാനുള്ള സമയമാണിത്. വിജയം നേടിയവർ ദൈവത്തിന് നന്ദി പറയുകയും പരാജയപ്പെട്ടവർ അതിന്റെ കാരണം തിരിച്ചറിഞ്ഞ് ഭാവിയിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മൾ എത്ര പരിശ്രമിച്ചാലും ചിലപ്പോൾ നമ്മുടേതല്ലാത്ത കുറ്റം കൊണ്ട് പരാജയപ്പെട്ടെന്ന് വരാം. എന്നാൽ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം വച്ച് മുന്നേറുന്നവർക്ക് പരാജയങ്ങളും വിജയങ്ങളാക്കി മാറ്റാൻ കഴിയും. ആ ശുഭാപ്തി വിശ്വാസം നിങ്ങളെ നിരന്തരം നയിക്കട്ടെ. തോറ്റവർ ദുഃഖിക്കേണ്ടതില്ല.

പത്തും പന്ത്രണ്ടും ക്ലാസുകളിൽ നിന്ന് പാസായവരിൽ അധികം പേരും പുതിയ സ്കൂളുകളിലും കോളേജുകളിലും മറ്റും ചേർന്നിട്ടുണ്ടാകും. എന്നാൽ കുറേപ്പേർക്കെങ്കിലും പലവിധ കാരണങ്ങളാൽ തുടർപഠനം സാധ്യമാകാതെ വരാനും ഇടയുണ്ട്. അങ്ങനെയുള്ളവരും എന്തെങ്കിലുമൊക്കെ ജീവിതമാർഗ്ഗം തേടിയേ തീരൂ. ദൈവം നിങ്ങൾക്ക് അതിനുള്ള മാർഗ്ഗം കാണിച്ചു തരട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും. നമുക്കാഗ്രഹമുണ്ടെങ്കിൽ വഴി ദൈവം കാണിച്ചു തരും. എല്ലാവർക്കും കോളേജുകളിൽ തന്നെ ഉപരിപഠനം നടത്താൻ കഴിഞ്ഞെന്നു വരുകയില്ല. അതിലുപരി വളരെ കുറച്ചു പേർക്ക് മാത്രമായിരിക്കും മെഡിക്കൽ, എഞ്ചിനീയറിംഗ്, നേഴ്സിംഗ് കോളേജുകളിൽ പ്രവേശനം കിട്ടുന്നത്. പ്ലസ് ടു പഠനം കഴിഞ്ഞ് വലിയ ചെലവ് കൂടാതെ

തന്നെ നേടിയെടുക്കാവുന്ന മറ്റൊരുപാട് തൊഴിലധിഷ്ഠിത കോഴ്സുകൾ നിലവിലുണ്ട്. അവയിൽ ഏതെങ്കിലും സ്വന്തം അഭിരുചിക്കനുസരിച്ച് പ്രവേശനം തേടാവുന്നതാണ്.

സ്വന്തം കഴിവുകൾ മനസിലാക്കി അതിനനുസരിച്ചുള്ള ഉപരിപഠനവും തൊഴിൽമാർഗ്ഗങ്ങളുമാണ് തേടേണ്ടത് എന്നത് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. എല്ലാവർക്കും എല്ലാം പഠിക്കാനും ചെയ്യാനും സാധിക്കുകയില്ല. കാരണം ദൈവം നമ്മളെ സൃഷ്ടിച്ചിരിക്കുന്നത് എല്ലാവരേയും ഒരേ കഴിവുകളോടെയല്ല. എന്തു ചെയ്യണം എന്നറിയാത്ത സാഹചര്യത്തിൽ പകച്ച് നിൽക്കാതെ അറിവുള്ളവരെ സമീപിച്ച് ഉപദേശം തേടണം. ഉപരിപഠനത്തിന് ഉപദേശം നൽകുന്ന അനേകം ഏജൻസികൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. അവയെ വേണ്ടവിധം നാം പ്രയോജനപ്പെടുത്തണം.

തീർത്തും കഴിവു കുറഞ്ഞവർ പോലും ഇപ്പോൾ ഒരു പക്ഷേ ചിന്തിക്കുന്നത് ഡോക്ടർ, എഞ്ചിനീയർ, നേഴ്സ് തുടങ്ങിയ ജോലികളെപ്പറ്റിയാകും. അതിനുള്ള കോഴ്സുകളിൽ ചേരുന്നതിനെപ്പറ്റി മാതാപിതാക്കളും പറഞ്ഞെന്നു വരും. അതുപോലെ തന്നെ ഇവ പാസായി വിദേശത്ത് പോകാമെന്നും പലരും ചിന്തിക്കുന്നു. പെട്ടെന്ന് പണം സമ്പാദിക്കാനുള്ള മാർഗ്ഗം എന്ന നിലയിലാണ് ആ ചിന്ത ഉണ്ടാകുന്നത്. എന്നാൽ നാമോർക്കേണ്ടത് എല്ലാവർക്കും അതിന് കഴിയുകയില്ലെന്നും അവ മാത്രമല്ല ജോലിയെന്നുമുള്ള കാര്യമാണ്. മറ്റനവധി ജോലി സാധ്യതകൾ ഇന്നുണ്ട്. വിദേശത്ത് പോകണമെങ്കിൽ വീണ്ടും ബുദ്ധിമുട്ടേറിയ കടമ്പകൾ കടക്കണം എന്നത് വേറെ കാര്യം, എന്നു തന്നെയുമല്ല, പൊതുഖജനാവിൽ നിന്ന് വലിയ ഒരു തുക ഓരോ കുട്ടിയേയും പഠിപ്പിക്കാൻ ചെലവാക്കുന്നുണ്ട്. അങ്ങനെ പഠിച്ചിറങ്ങുന്നവർ ഈ നാടിനെ സേവിക്കാൻ കൂടി വേണ്ടിയാണ് സർക്കാർ അപ്രകാരം പണം ചെലവഴിക്കുന്നത്.

അതുപോലെ തന്നെ ഇവിടുത്തെ പൊതുജീവിതത്തിലേയ്ക്കും രാഷ്ട്രീയജീവിതത്തിലേയ്ക്കും എല്ലാം നല്ല മിടുക്കരായവർ കടന്നു വരണം. അല്ലെങ്കിൽ അറിവും കഴിവും ഇല്ലാത്തവർ രാജ്യം ഭരിക്കുന്ന സ്ഥിതി സംജാതമാകും. അങ്ങനെയുള്ളവരുടെ ഭരണം എങ്ങനെയിരിക്കും എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അറിവും കഴിവും നല്ല വിദ്യാഭ്യാസവും ഉള്ളവർ രാഷ്ട്രീയത്തിലേയ്ക്കും പൊതുജീവിതത്തിലേയ്ക്കും കടന്നു വന്നില്ലെങ്കിൽ സമൂഹജീവിതം തന്നെ അസാധ്യ

മാകുംവിധം കാര്യങ്ങൾ നീങ്ങിയെന്ന് വരാം. നാം അഴിമതിയെപ്പറ്റിയും മറ്റും എപ്പോഴും സംസാരിക്കാറുണ്ടല്ലോ. അഴിമതിക്കാരല്ലാത്ത രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉണ്ടാവുകയല്ലേ അതിന് പരിഹാര മാർഗ്ഗം? നിങ്ങൾക്കങ്ങനെ ആയിക്കൂടേ?

രാഷ്ട്രീയമെന്നാൽ ഇന്നു നാം നമ്മുടെ നാട്ടിൽ കാണുന്ന അക്രമ രാഷ്ട്രീയമല്ല. അത് രാഷ്ട്രീയമേയല്ല, പ്രത്യുത, ഗുണ്ടായിസമാണ്. എതിരാളികളേയും വിമർശിക്കുന്നവരേയും കായികമായി നേരിടുന്നവർ ബുദ്ധിപരമായി പാപ്പരത്വം അനുഭവിക്കുന്നവരാണ്. മാത്രമല്ല, രാഷ്ട്രീയം എന്തെന്ന് തീർത്തും അറിഞ്ഞുകൂടാത്തവരുമാണ്. അത്തരം അക്രമരാഷ്ട്രീയത്തിൽ നിന്ന് നിങ്ങൾ വിട്ടുനിൽക്കുകതന്നെ വേണം. രാഷ്ട്രീയം അഥവാ പൊളിറ്റിക്സ് എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന രീതിയിലും മാർഗ്ഗങ്ങളിലൂടെയും നാടിന് നന്മയുണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന പ്രക്രിയ എന്നാണർത്ഥം. അത്തരം ഒരു പ്രക്രിയയിലാണ് നിങ്ങൾ പഠനകാലത്ത് പരിശീലനം നേടേണ്ടത്. പ്രതിപക്ഷ ബഹുമാനത്തോടെ നാടിന്റെ നിയമങ്ങളനുസരിച്ച് എപ്രകാരം പാർലമെന്റിലും നിയമസഭയിലും മറ്റും ചർച്ചകൾ നടത്തണം എന്നും മറ്റുമുള്ള പരിശീലനവും ഇതിന്റെ ഭാഗമാണ്. നമ്മുടെ ഭരണവ്യവസ്ഥിതിയുടെ പ്രധാന ഘടകങ്ങളായ ലെജിസ്ലേച്ചർ (പാർലമെന്റ് - നിയമസഭ), എക്സിക്യൂട്ടീവ് (മന്ത്രിസഭ), ജുഡീഷ്യറി (കോടതികൾ) ഇവയാണ് നമ്മുടെ ഭരണവ്യവസ്ഥിതിയുടെ അടിത്തറയെന്നും അവയെ മാനിക്കുക എന്നത് രാഷ്ട്രീയത്തിന്റെ ബാലപാഠത്തിൽ പെടുന്നു എന്നും നമ്മൾ മനസ്സിലാക്കണം. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമല്ല നമ്മുടെ നാട്ടിൽ കാര്യങ്ങൾ നടക്കുന്നത്. വിദ്യാർത്ഥിരാഷ്ട്രീയമെന്നാൽ വലിയ രാഷ്ട്രീയകക്ഷികളിലേയ്ക്ക് ഭാവിയിൽ ചേക്കേറാനും അധികാരത്തിൽ എത്താനും പണം സമ്പാദിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് ഇന്ന് പലരും മനസ്സിലാക്കുന്നത്.

സ്കൂളിലേയ്ക്കും കോളേജിലേയ്ക്കും പോകുന്നവർ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ചില മേഖലകളുണ്ട്. നിങ്ങൾ പോകുന്നത് പഠിക്കാനാണെന്നും മറ്റൊന്നും നിങ്ങളുടെ ശ്രദ്ധയെ വഴി തെറ്റിക്കരുത് എന്നതുമാണ് അതിലൊന്ന്. നാട് നന്നാക്കാനെന്ന വ്യാജേന സമരങ്ങൾ ചെയ്യാനും, സ്കൂളിലേയ്ക്കും കോളേജിലേയ്ക്കും കടന്നു വരുന്ന നവാഗതരുടെ പേടി മാറ്റാനെന്ന പേരിൽ റാഗിങ്ങെന്ന ഓമനപ്പേരിട്ട് മറ്റുള്ള

വരെ ഉപദ്രവിക്കുവാനും ഒന്നും നിങ്ങൾക്ക് അവകാശമില്ല. നാണം കുണുങ്ങിക്ക് അങ്ങനെയിരിക്കാനുള്ള അവകാശവും ഉണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്. അവരുടെ നാണം മാറ്റേണ്ടത് നിങ്ങളുടെ ഉത്തര വാദിത്വമല്ല.

ഇന്ന് നാം നഷ്ടപ്പെടുത്തുന്ന സമയം നമുക്ക് എന്നേയ്ക്കുമായി നഷ്ടപ്പെടും എന്നതാണ് ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം. സമയവും കാലവും ആർക്കും വേണ്ടി കാത്തു നിൽക്കുകയില്ല. പഠനം ഏറ്റവും നന്നായി നടക്കുന്നത് ചെറുപ്പകാലത്ത് തന്നെയാണ്. പ്രായമായ ശേഷം പഠിക്കാമെന്നു വയ്ക്കുന്നത് ഏറ്റവും വലിയ മഠയത്തരമാകും. അതു പോലെതന്നെ പഠിച്ചതുകൊണ്ട് പ്രയോജനമൊന്നുമില്ല എന്ന് ചിന്തി ക്കുന്നതും ശരിയല്ല. നന്നായി കൃഷി ചെയ്യാൻ പോലും നല്ല വിദ്യാ ഭ്യാസം ആവശ്യമാണ്.

അറിവാണ് വരും ലോകത്തെ നിയന്ത്രിക്കാൻ പോകുന്ന ഏറ്റവും പ്രധാന ഘടകം. ഏതു കാര്യത്തെപ്പറ്റിയും സാമാന്യജ്ഞാനമെങ്കിലും നമുക്കുണ്ടാകണം. നമ്മുടെ സ്വന്തം പഠനവിഷയത്തിൽ നല്ല പാണ്ഡിത്യം ഉണ്ടായിരിക്കുകയും വേണം. കേവലമൊരു ഡിഗ്രിക്കട ലാസ് കയ്യിൽ കിട്ടിയതുകൊണ്ട് ആരും ജോലി തരണമെന്നില്ല. പണം കൊടുത്താൽ ഡോക്ടറേറ്റ് പോലും കൊടുക്കുന്ന സംഘങ്ങൾ നമ്മുടെ നാട്ടിൽ യഥേഷ്ടം പ്രവർത്തിക്കുന്നതായി ഈയിടെ നാം പത്രങ്ങളിൽ വായിക്കുകയുണ്ടായി. നമ്മുടെ ഡിഗ്രികളും ഡിപ്ലോമകളും സംശയ ത്തോടെയാണ് പല ലോകരാജ്യങ്ങളും നോക്കിക്കാണുന്നത് എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കണം. അതോടൊപ്പം നമ്മെ ലജ്ജിപ്പിക്കേണ്ട വസ്തുതയുമാണ്. എളുപ്പത്തിൽ പണം നേടാനുള്ള മലയാളിയുടെ മന സ്സാണ് ഇതിലെല്ലാം പ്രതിഫലിയ്ക്കുന്നത്. കോപ്പിയടിയും മറ്റും ഇതിന്റെ ചെറുരൂപങ്ങൾ മാത്രം.

സമയമാണ് ഇന്നത്തെ ലോകത്തെ നിയന്ത്രിക്കുന്ന മറ്റൊരു പ്രധാന ഘടകം. ലോകത്തിൽ നടക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വേഗ ത്തിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും നമ്മൾ ആർജ്ജിക്കണം. ഇന്നെടുക്കേണ്ട തീരുമാനം നാളത്തേക്കെന്നല്ല ഒരു മണിക്കൂർ പോലും മാറ്റി വയ്ക്കുന്ന സാഹചര്യം ഉണ്ടാകരുത്. പെട്ടെന്ന് തീരുമാനമെടു ക്കാൻ കഴിവാർജ്ജിക്കുന്നവർ കാര്യങ്ങൾ നേടുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ആധുനിക സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ സമയം അടിസ്ഥാന ഘടകമാണ്. ഉദാഹരണമായി

ഈമെയിലിലൂടെ നമുക്ക് കത്തയയ്ക്കുന്നവർ അന്നുതന്നെയുള്ള ഒരു മറുപടിയും പ്രതീക്ഷിക്കുന്നു. അങ്ങനെ മറുപടി കൊടുക്കാൻ നമ്മൾ പരാജയപ്പെട്ടാൽ വലിയ അവസരങ്ങളാകും നമുക്ക് നഷ്ടമാകുന്നത്. ഇന്റർനെറ്റും മൊബൈൽഫോണും എല്ലാം നമ്മുടെ ജീവിതവിജയത്തിന് ഉപയോഗിക്കാൻ നമുക്ക് അറിവുണ്ടാകണം. അവ കേവലം വിനോദോപാധികളല്ല, പ്രത്യുത, അതിജീവനമാർഗ്ഗങ്ങളാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്.

മുൻകൂട്ടി കാര്യങ്ങൾ മനസിലാക്കി പ്ലാൻ ചെയ്യുക എന്നതാണ് മൂന്നാമതൊരു കാര്യം. പലരും ഏതു വിഷയം പഠിക്കണം എന്ന് തീരുമാനിക്കുന്നത് പത്താം ക്ലാസ് അഥവാ പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഫലം അറിഞ്ഞതിനു ശേഷമായിരിക്കും. ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ നടത്തുന്നവർ അപ്പോഴേയ്ക്കും അവരുടെ തെരഞ്ഞെടുപ്പുകൾ നടത്തിയിരിക്കും. അതിമത്സരം നിറഞ്ഞ ഇന്നത്തെ ലോകത്തിൽ അതിജീവിക്കുന്നവരും വിജയം നേടുന്നവരും ഇപ്രകാരമൊക്കെ ചെയ്യുന്നവരാണ്. അവരെ നോക്കി നാം അസൂയപ്പെട്ടിട്ട് കാര്യമില്ല. ആവശ്യത്തിനുള്ള ബുദ്ധിയും കഴിവുമെല്ലാം ദൈവം എല്ലാവർക്കും തന്നെ തന്നിട്ടുണ്ട്. അത് കാര്യക്ഷമമായും ഫലപ്രദമായും ഉപയോഗിക്കാൻ നാം മനസ്സായാൽ മതി. അതിനുള്ള ആഗ്രഹമുണ്ടാകുക എന്നതാണ് പ്രഥമവും പ്രധാനവുമായ കാര്യം. അതോടൊപ്പം ദൈവാനുഗ്രഹവും യാചിക്കണം. ഇവ മൂന്നും കൂടിച്ചേരുമ്പോൾ വിജയം സുനിശ്ചയമാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2010 ജൂൺ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2010 ജൂലൈ മാസം 11–ാം തീയതി ഞായറാഴ്ച വിശുദ്ധകുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ വോട്ടർമാർക്ക് കെ.സി.ബി.സി. നൽകുന്ന ആഹ്വാനം

പ്രിയ സഹോദരീ സഹോദരന്മാരേ,

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനു കേരളം ഒരുങ്ങുന്ന സമയമാണല്ലോ ഇത്. വരുംവർഷങ്ങളിൽ നമ്മുടെ നാട്ടിലും നഗരങ്ങളിലും നടക്കേണ്ട ഭരണശൈലിയും നയങ്ങളും നിലപാടുകളും നിർണയിക്കപ്പെടുന്ന ഈ അവസരം ഏറെ പ്രധാനപ്പെട്ടതാണെന്നു പറയേണ്ടതില്ലല്ലോ. കേന്ദ്രസംസ്ഥാന ഭരണതലങ്ങളിൽ അധികാരവും സമ്പത്തും ശക്തിയും കേന്ദ്രീകരിച്ചിരുന്ന അവസ്ഥയിൽ നിന്ന്, വികേന്ദ്രീകരണം വഴി വൻതോതിൽ അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. വികസനത്തിലും വളർച്ചയിലും സംസ്ഥാനത്തിന്റെ പൊതുസമ്പത്ത് വിനിമയം ചെയ്യുന്നതിൽ ത്രിതലപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കുമുള്ള പങ്ക് അങ്ങനെ വലുതായിരിക്കുന്നു. ഉത്തമരും പ്രാപ്തരും പൊതുനന്മയ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും സേവനമനസ്ഥിതിയുള്ളവരും മൂല്യങ്ങൾക്കു വില കൽപ്പിക്കുന്നവരും ദൈവവിശ്വാസമുള്ളവരും ഇന്ത്യയുടെ ജനാധിപത്യസംവിധാനവും ഭരണഘടനാസ്ഥാപനങ്ങളും അംഗീകരിക്കുന്നവരും ഭരണതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാലേ ഇക്കാര്യങ്ങളെല്ലാം ഫലപ്രദമായി നടക്കുകയുള്ളൂ.

കീഴ്ഘടക ശാക്തീകരണതത്ത്വം (Principle of Subsidiarity) സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ്. സാമ്പത്തികമായും നിയമപരമായും സംവിധാനപരമായും ഉയർന്ന ശ്രേണിയിലുള്ളവർ കീഴ്ഘടകങ്ങളെ സഹായിക്കുന്നതാണ്

ഈ തത്ത്വം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അങ്ങനെയേ വികസനം എല്ലായിടത്തും എത്തൂ (സത്യത്തിൽ സ്നേഹം, 57). ഉന്നതതലത്തിലുള്ള സംവിധാനങ്ങൾ താഴേ തലങ്ങളിലുള്ള സംവിധാനങ്ങളുടെ ന്യായമായ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന രീതിയിൽ ഇടപെടരുത്. മറിച്ച്, അവയുടെ സ്വയംപരമാധികാരവും സ്ഥാനവും അംഗീകരിക്കപ്പെടണം. സമൂഹത്തിന്റെ മറ്റു തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി അവയെ കോർത്തിണക്കാൻ സഹായിക്കണം. എപ്പോഴും പൊതുനന്മ ലക്ഷ്യം വച്ചായിരിക്കണം അങ്ങനെ ചെയ്യുന്നത്. സഭ മുറുകെ പിടിക്കുന്ന ഈ തത്ത്വമനുസരിച്ചുള്ള പ്രവർത്തനമാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതുവഴി സംഭവിക്കുന്നത്. അത് അഭികാമ്യമായ കാര്യമാണ്.

എന്നാൽ, ഇക്കാര്യം നാം അർഹിക്കുന്ന പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. പങ്കാളിത്ത ജനാധിപത്യം വിഭാവനം ചെയ്യുന്ന പഞ്ചായത്ത് രാജിന്റെ പ്രധാന പ്രവർത്തനമാണ് ഗ്രാമസഭകൾ. ഒരു വാർഡിലെ മുഴുവൻ വോട്ടർമാരും ഗ്രാമസഭയിൽ അംഗങ്ങളാണ്. മൂന്നു മാസത്തിലൊരിക്കൽ കൂടേണ്ട ഈ യോഗത്തിലാണ് ആസൂത്രണം, പദ്ധതി നിർവഹണം, വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടത്തപ്പെടുന്നത്. ഈ രംഗത്ത് ജനങ്ങൾ പൊതുവേ നിസ്സംഗത പുലർത്തുന്നതുകൊണ്ടും വേണ്ടത്ര പേർ സന്നിഹിതരാകാത്തതുകൊണ്ടും അഴിമതി തുടരുകയും പദ്ധതികൾ പ്രാധാന്യമനുസരിച്ചും ആവശ്യമനുസരിച്ചും നടത്താൻ കഴിയാതെ വരുകയും ചെയ്യുന്നു. ഇതിനൊരു മാറ്റമുണ്ടാകണം. എല്ലാവരും സജീവമായും ഉത്തരവാദിത്വബോധത്തോടെയും പൊതുനന്മ ലക്ഷ്യംവച്ചും ഗ്രാമസഭകളിൽ പങ്കുചേരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അങ്ങനെ ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടാൻ ഇടയാകട്ടെ. എന്തെന്നാൽ ജനാധിപത്യം ഫലപ്രദമാകുന്നത് ജനങ്ങൾ ഭരണഘടനാധിഷ്ഠിതമായ സ്ഥാപനങ്ങളോട് സഹകരിക്കുന്നതിനെയും സംവിധാനങ്ങൾ അവയുടെ യഥാർത്ഥഘടന സംരക്ഷിക്കാൻ ജാഗ്രത പുലർത്തുന്നതിനെയും ആശ്രയിച്ചാണിരിക്കുന്നത്.

രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതു സംബന്ധിച്ച് കത്തോലിക്കാസഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സഭയുടെ സാമൂഹിക പ്രബോധനം നന്നായി ഉൾക്കൊണ്ട് രാഷ്ട്രീയ ജീവിതത്തിൽ സജീവമായി ഇടപെടുകയെന്നത് വിശ്വാസികളുടെ ഗൗരവപൂർണമായ കടമയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (cf അൽമായ പ്രേഷിതത്വം, 4; തിരുസഭ, 36). രാഷ്ട്രീയരംഗം

അഴിമതിയും അധാർമ്മികതയും നിറഞ്ഞതാണെന്നു പറഞ്ഞ് ക്രൈസ്തവന് അതിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. നിത്യനഗരം ഇവിടെയല്ല, സ്വർഗത്തിലാണെന്നു കരുതി (cf ഹെബ്രാ 11:13-16; ഫിലി 3:20) രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാനുമാവില്ല. സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ഭൗതികക്രമം കെട്ടിപ്പടുക്കാൻ ക്രൈസ്തവർക്ക്, പ്രത്യേകിച്ച്, അല്മായ വിശ്വാസികൾക്ക്, ഉത്തരവാദിത്വമുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ 'അല്മായവിശ്വാസികൾ' എന്ന അപ്പസ്തോലിക രേഖയും അടിവരയിടുന്നു (സഭ ആധുനികലോകത്തിൽ, 43: അല്മായവിശ്വാസികൾ, 59). നല്ല ചിന്തയും ആദർശങ്ങളും പങ്കുവച്ചും ജനാധിപത്യത്തിന്റെ വ്യത്യസ്ത ഗ്രൂപ്പുകളിൽപ്പെട്ടവരുമായി സംഭാഷണത്തിലും കൂട്ടായ പ്രവർത്തനങ്ങളിലും ഏർപ്പെട്ടും നീതിനിഷ്ഠമായ ഒരു സമൂഹം കെട്ടിപ്പടുക്കണം. മനുഷ്യജീവന്റെ മഹത്ത്വം, സ്വാതന്ത്ര്യം, കുടുംബത്തെ സംബന്ധിക്കുന്ന സത്യം, അതിന്റെ നന്മ, പൊതുനന്മയ്ക്കായുള്ള പരിശ്രമം, ആവശ്യത്തിലിരിക്കുന്നവരുമായുള്ള ഐക്യദാർഢ്യം എന്നിവ സമൂഹത്തിൽ പരിപോഷിപ്പിക്കാനാണ് നാം പരിശ്രമിക്കേണ്ടത്. യഥാർത്ഥ മാനുഷിക നിർമ്മിതിയുടെ 'മൂലക്കല്ല്' "വഴിയും സത്യവും ജീവനുമായ" (യോഹ 14:6) ക്രിസ്തുവാണെന്ന ബോധ്യത്താൽ നിറഞ്ഞു വേണം ക്രൈസ്തവർ തങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനെന്ന് വിശ്വാസതിരുസംഘത്തിന്റെ *രാഷ്ട്രീയ ജീവിതത്തിൽ കത്തോലിക്കരുടെ ഇടപെടലിനെയും പെരുമാറ്റത്തെയും കുറിച്ചുള്ള ചില കുറിപ്പുകൾ* എന്ന മാർഗരേഖയും വ്യക്തമാക്കുന്നു. (ജനുവരി 12, 2003). സ്നേഹമാണ് രാഷ്ട്രസമർപ്പണത്തിനും നീതിയിലും സത്യത്തിലും അധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിനും ക്രൈസ്തവരെ പ്രേരിപ്പിക്കേണ്ടത് (സത്യത്തിൽ സ്നേഹം 7). തെറ്റായ സിദ്ധാന്തങ്ങൾക്കപ്പുറം പോകുന്ന ശരിയായ രാഷ്ട്രീയ വിജ്ഞാനം നവമായി വീണ്ടെടുക്കുകയെന്നതും ഇന്നിന്റെ വലിയ ആവശ്യമാണ് (ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പൊന്തിഫിക്കൽ അല്മായ കൗൺസിൽ അംഗങ്ങൾക്ക് നൽകിയ സന്ദേശം, 21 മെയ് 2010). വ്യക്തിയെ ദൈവത്തിൽ നിന്നും രാഷ്ട്രീയത്തെ എല്ലാ ധാർമ്മികതയിലും നിന്നും അകറ്റുന്നതല്ല ശരിയായ രാഷ്ട്രീയസേവനമെന്നും നാമറിയണം. ഓരോ വ്യക്തിയുടെയും എല്ലാ മനുഷ്യരുടെയും സമഗ്രനന്മയും പൊതുനന്മയും സമന്വയിപ്പിച്ചു കൊണ്ടുപോകാൻ സമർപ്പണം നടത്തുന്നവരുടെ തലമുറ ഉണർന്നെണീക്കാൻ ഇടയാകണം.

ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ, കേരളത്തിലേതുപോലെ ഇടുങ്ങിയ കക്ഷിരാഷ്ട്രീയത്തിന്റെ കടന്നുകയറ്റം ത്രിതല പഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം യഥാർത്ഥ വികസനത്തിനും ദരിദ്രർക്കും അർഹിക്കുന്നവർക്കും വേണ്ട സഹായം ലഭിക്കുന്നതിനും തടസ്സമാകുന്ന അനുഭവങ്ങൾ ധാരാളമുണ്ട്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ ഓരോ പൗരനും നിതാന്തജാഗ്രത പുലർത്തണം. സാമൂഹികനീതി, സാമൂഹികവളർച്ച, യഥാർത്ഥ ജനാധിപത്യം, ഭരണഘടനാനുസൃതമായ മതാത്മക മതേതരത്വം, അതിന്റെ തന്നെ ഭാഗമായ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശം, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെയും ആദിവാസികളുടെയും ദളിതരുടെയും പുരോഗതി എന്നിവ ഉറപ്പാക്കാൻ പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കൂടുതൽ കഴിയുന്നത്. വർഗീയത, വർഗവിദ്വേഷം, വിദ്വേഷ പ്രചാരണം, അക്രമം, നിരീശ്വരവാദം, ലക്ഷ്യം നേടാൻ ഏതുമാർഗവും ഉപയോഗിക്കൽ എന്നിവ വ്യക്തിജീവിതത്തിനും പൊതുജീവിതത്തിനും അപകടകരമാണെന്നതിൽ സംശയമില്ല. സമാധാനവും വികസനവും ആഗ്രഹിക്കുന്നവർ ഈ തിന്മകൾക്കെതിരേ അണിചേരണം. അതുപോലെതന്നെ പ്രധാനപ്പെട്ട കാര്യമാണ്, നമ്മുടെ നാട്ടിൽ ക്രമാതീതമായി വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് എന്നിവ ചെറുക്കാൻ കഴിയുന്നവരും സ്വയംഭരണ അധികാരസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടണമെന്നത്. കാരണം, ഈ തിന്മകൾക്കെതിരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നതും കഴിയേണ്ടതും പ്രാദേശിക ഭരണാധികാരികൾക്കുതന്നെയാണ്.

തിരഞ്ഞെടുപ്പിൽ പല തന്ത്രങ്ങളും രാഷ്ട്രീയ പാർട്ടികൾ ആവിഷ്കരിക്കാറുണ്ട്. എതിരാളിയുടെ പേരിനോടു സാദൃശ്യമുള്ള അപരന്മാരെ അവതരിപ്പിച്ച് വേണ്ടത്ര സൂക്ഷ്മതയില്ലാത്ത വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്നതുവഴി നല്ല സ്ഥാനാർത്ഥിക്കു കിട്ടാൻ സാധ്യതയുള്ള വോട്ടുകൾ കുറയ്ക്കുക, തങ്ങളുടെ പാർട്ടിക്ക് ജയസാധ്യത കുറഞ്ഞ മേഖലകളിൽ വോട്ടുനേടാൻ പറ്റുന്ന വ്യക്തികളെ പിന്തുണച്ച് സ്വതന്ത്രന്മാരായി മത്സരിപ്പിച്ച് പരോക്ഷമായ വിജയം നേടുക എന്നിവ അത്തരത്തിലുള്ളവയാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ ഇത്തരം സ്വതന്ത്രന്മാരെ രാഷ്ട്രീയ പാർട്ടികൾ വ്യാപകമായി അവതരിപ്പിച്ചേക്കാം. സ്വതന്ത്രൻ എന്ന നിലയിൽ മത്സരിപ്പിക്കുന്നത് പൊതുജനത്തെ സ്വാധീനിക്കാൻ കഴിയുന്ന നല്ല വ്യക്തികളെയായിരിക്കും. വിജയിച്ചുകഴിഞ്ഞാൽ ഇവർക്ക് സ്വതന്ത്രരായി

പ്രവർത്തിക്കാൻ പറ്റുമോ എന്ന കാര്യം സംശയമാണ്. വ്യക്തിപരമായ മേന്മയും നന്മയും തത്ത്വദീക്ഷയുമൊക്കെ, പിന്താങ്ങിയ പാർട്ടിക്ക് അടിയറവയ്ക്കേണ്ടിവരുന്ന ഗതികേടാണ് പല സ്വതന്ത്രന്മാർക്കും നേരിടേണ്ടി വന്നിട്ടുള്ളത്. ദൈവവിശ്വാസികളും നല്ലവരുമായ പലരും നിരീശ്വരപ്രത്യയശാസ്ത്ര പാർട്ടികളുടെ പിന്തുണയോടെ സ്വതന്ത്രന്മാരായി മത്സരിച്ചു വിജയിച്ചെങ്കിലും പിന്നീട് അവർ സ്വതന്ത്രരല്ലാതായിത്തീർന്ന അനുഭവം ഏറെയുണ്ടല്ലോ. അവരെ പാർട്ടിയംഗങ്ങളാക്കാനും അവർ മുമ്പ് നിലകൊണ്ടിരുന്ന സനാതനമൂല്യങ്ങൾക്ക് എതിരാക്കാനും വേണ്ടി ഒരുക്കിയ വിദഗ്ധമായ കെണിയാണ് സ്വതന്ത്രസ്ഥാനാർത്ഥി സ്ഥാനം. എല്ലാ പാർട്ടികളും വെറും രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല എന്ന തിരിച്ചറിവ് ഇവിടെ ഏറെ പ്രധാനപ്പെട്ടതാണ്. കേവലകക്ഷിരാഷ്ട്രീയത്തിനുപരി, ദൈവവിശ്വാസത്തിനും അനുഷ്ഠാനത്തിനും ജനാധിപത്യ-സനാതനമൂല്യങ്ങൾക്കും മതസൗഹാർദ്ദത്തിനുമെതിരായ പ്രത്യയശാസ്ത്ര നിലപാടുകളുള്ളവരുടെ പിന്തുണയോടെ സ്വതന്ത്രസ്ഥാനാർത്ഥികളാകുന്നതും അത്തരം സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതും അപകടകരമായിരിക്കും. അത്തരം തിരഞ്ഞെടുപ്പിന് ഉത്തമമായ വ്യക്തികളെ തിരഞ്ഞെടുക്കുന്നതുവഴി സിദ്ധിക്കേണ്ട ഫലമുണ്ടാകുകയില്ല.

വോട്ടു ചെയ്യുക എന്നത് പൗരത്വപരവും ക്രൈസ്തവവുമായ ദൗത്യമാണ്. അതിൽ നിന്ന് ആരും അകന്നു നിൽക്കരുതെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. രാഷ്ട്ര നിർമ്മിതിയിലുള്ള പങ്കാളിത്തമാണ് അതുവഴി നിർവ്വഹിക്കുന്നതെന്ന കാര്യം ഗൗരവപൂർവ്വം ഓർക്കുകയും വേണം. മുന്നണികൾ ജനാധിപത്യമൂല്യങ്ങളോടും ഭരണഘടനയോടും ഭരണഘടനാധിഷ്ഠിതമായ ന്യൂനപക്ഷാവകാശങ്ങളോടും സാമുദായിക മതസൗഹാർദ്ദത്തോടും നാടിന്റെ വികസനത്തോടും പാവപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും ഉന്നമനത്തോടും എത്രമാത്രം പ്രതിജ്ഞാബദ്ധതയുള്ളവരാണെന്ന കാര്യം നാം ഗൗരവപൂർവ്വം പരിഗണിക്കണം. സാമൂഹിക നന്മ, വളർച്ച എന്നിവ കരുതി രാഷ്ട്രീയത്തിൽ ഇടപെടാൻ ക്രൈസ്തവർക്ക്, പ്രത്യേകിച്ച് അല്മായ വിശ്വാസികൾക്ക്, കടമയുണ്ടെന്ന കാര്യം ഊന്നിപ്പറയട്ടെ. പ്രദേശത്തിന്റെ നന്മയ്ക്കുവേണ്ടി പ്രകൃതി സംരക്ഷണത്തിലും ശുചീകരണത്തിലും ആരോഗ്യസംരക്ഷണത്തിലും ഇടപെട്ട് അത് അവർക്കു നിർവ്വഹിക്കാം. കൂടാതെ സഹകരണസംഘങ്ങളിൽ പങ്കാളികളായി, പ്രത്യേകിച്ച് സഹകരണബാങ്കുകൾ, ഗ്രന്ഥശാലാസംഘങ്ങൾ, കർഷകസഹകരണസംഘങ്ങൾ, ക്ഷീരവികസന സഹകരണസംഘങ്ങൾ എന്നിവയിൽ പങ്കാളികളായി, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ ക്രൈസ്തവർ മുന്നോട്ടു വരണം.

സ്ത്രീകളുടെ ശക്തീകരണവും ഒരു സമൂഹത്തിന്റെ വികസനവും തമ്മിൽ അടുത്ത ബന്ധമുണ്ട്. 50% വനിതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പ്രവേശിക്കുന്നതുവഴി, കൂടുതൽ മനുഷ്യോചിതവും ആർദ്രതയും സ്നേഹവും സേവനവും നിറഞ്ഞതുമായ ഒരു സമൂഹസൃഷ്ടി നടപ്പാക്കണം. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ, വനിതൾക്കുള്ള സന്ദേശം). കഴിവും വിദ്യാഭ്യാസവും നേതൃത്വഗുണങ്ങളുമുള്ള വനിതകൾ ഈ രംഗത്തേക്ക് കടന്നുവരണം. അതിനുവേണ്ട പ്രോത്സാഹനവും സാഹചര്യവും ഒരുക്കേണ്ടത് കുടുംബങ്ങളും സമൂഹവുമാണ്. സ്ത്രീ പുരുഷ തുല്യ പങ്കാളിത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹം തീർച്ചയായും അനുഗ്രഹപ്രദമാണ്; പ്രത്യാശാപൂർണ്ണമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പൗരത്വപരമായ ഉത്തരവാദിത്വങ്ങൾ ജാഗ്രതയോടെ നിർവ്വഹിക്കാൻ എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്തുകൊണ്ടും എല്ലാ നന്മയും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ടും,

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

1. **അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**
   (മേജർ ആർച്ചുബിഷപ്പ്, സീറോ മലബാർ സഭ)
2. **മോറാൻ മോർ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാബാവ**
   (മേജർ ആർച്ചുബിഷപ്പ്, മലങ്കര സഭ)
3. **ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
   (അധ്യക്ഷൻ, ലത്തീൻ സഭ)
4. **ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
   (കെ.സി.ബി.സി. പ്രസിഡന്റ്)
5. **ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
   (കെ.സി.ബി.സി. സെക്രട്ടറി ജനറൽ)

---

**NB:- 2010 ജൂലൈ 18 -ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ ഈ സർക്കുലർ വായിക്കേണ്ടതും ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതുമാണ്.**

# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ
ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുന്നാൾ ആശംസകൾ എല്ലാവർക്കും നേരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസധീരത ഏതു പ്രതിസന്ധിയുടെ മദ്ധ്യത്തിലും നാം കാത്തുപരിപാലിക്കണമെന്ന് ദുക്റാനത്തിരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഓർമ്മിക്കുന്ന വ്യക്തിയെ അനുകരിക്കാനാവണം. തോമ്മാശ്ലീഹായോടുള്ള ഭക്തി വിശുദ്ധനെ അനുകരിക്കുന്നതിലേയ്ക്ക് നയിക്കണം.

ദൈവിക പുണ്യങ്ങളുടെ കേദാരമാണ് തോമ്മാശ്ലീഹായെന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് സന്ദർഭങ്ങളിലാണ് മാർത്തോമ്മാശ്ലീഹായെ നാം കണ്ടുമുട്ടുന്നത്. ഓരോ സന്ദർഭത്തിലും ഓരോ ദൈവീകപുണ്യത്തിന്റെ പരമകോടി വി. തോമസിൽ നാം ദർശിക്കുന്നു. 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' (യോഹ.11:16) എന്നു പറയുന്ന തോമ്മാശ്ലീഹായിൽ മിശിഹായോടുള്ള തികഞ്ഞ സ്നേഹം നമുക്കു ദർശിക്കാം. വഴിയും സത്യവും ജീവനുമായ മിശിഹായിൽ (യോഹ 14:6) തന്നെത്തന്നെ സമർപ്പിക്കാനുള്ള തീരുമാനം മിശിഹായിലുള്ള ശരണത്തിന്റെ പ്രതിഫലനമാണ്. അവസാനം, ഉത്ഥിതനെ കണ്ടുമുട്ടുമ്പോൾ 'എന്റെ കർത്താവേ എന്റെ ദൈവമേ' (യോഹ. 20:28) എന്നു വിളിച്ചുകൊണ്ട് വിശ്വാസത്തിന്റെ ഉദാത്തഭാവം

ആവിഷ്ക്കരിക്കാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. 'സംശയിക്കുന്ന തോമ്മാ' എന്നു മുദ്രകുത്തുന്നതിനേക്കാൾ, ഉറച്ച വിശ്വാസപ്രഖ്യാപനം നടത്തിയ വ്യക്തിയെന്നു വേണം ശ്ലീഹായെ കരുതാൻ.

യഥാർത്ഥ പ്രേഷിതചൈതന്യം എന്തെന്നു തോമ്മാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ ഉറവിടം തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമാണ്. വി. കുർബ്ബാനയിൽ ഒന്നാം ഗ്ഹന്താപ്രാർത്ഥനയിൽ 'അങ്ങു നൽകിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന' കാർമ്മികന്റെ പ്രാർത്ഥന മാർ തോമ്മാശ്ലീഹായുടെ വിശ്വാസചൈതന്യം ഏറ്റുവാങ്ങാൻ നമ്മെ വെല്ലുവിളിക്കുകയാണ്. ദൈവസ്നേഹത്തിൽ നിന്നുളവാകുന്ന പരസ്നേഹം പ്രേഷിതചൈതന്യത്തിൽ അന്തർലീനമാണ്. 'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ല' (1യോഹ 4: 20) എന്ന വി.യോഹന്നാന്റെ വാക്കുകൾ പരോന്മുഖതയിലേയ്ക്ക് നയിക്കണം. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം' (യോഹ 13:35) എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിച്ചത്. നമുക്കു ലഭിച്ച രക്ഷയുടെ സന്ദേശം സഹോദരങ്ങളുമായി പങ്കുവെയ്ക്കാനുള്ള തീക്ഷ്ണത പരസ്നേഹത്തിലാണ് പൂർണ്ണമാകുക. സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവിടെ പ്രസക്തമാകുന്നു.

തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവും കൈമുതലായി ഉള്ളതുകൊണ്ടാണ് തോമ്മാശ്ലീഹായ്ക്ക് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികളെ സധൈര്യം നേരിടാനും മിശിഹായ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാനും കഴിഞ്ഞത്. തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമുണ്ടെങ്കിലേ ഇന്നും യഥാർത്ഥപ്രേഷിതപ്രവർത്തനം സാധ്യമാകൂ, പുതിയ വെല്ലുവിളികൾക്കെതിരെ നിലയുറപ്പിക്കാനാവൂ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതസഹിഷ്ണുതയെ മതനിഷേധമായി തെറ്റിദ്ധരിപ്പിക്കുന്ന, ഭൗതികതയുടെ വേലിയേറ്റത്തിൽ ആദ്ധ്യാത്മികതയെ അവഗണിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന, ഈശ്വരചിന്ത കാലഹരണപ്പെട്ടെന്നു അവഹേളിക്കുന്ന കാലമാണിത്. സത്യത്തെ അതിന്റെ പൂർണ്ണതയിൽ ആവിഷ്ക്കരിക്കാനാവാത്ത മാധ്യമങ്ങളും നിരീശ്വര രാഷ്ട്രീയ സിദ്ധാന്തങ്ങളും ക്രൈസ്തവപ്രബോധനത്തിനെതിരെ ആഞ്ഞടിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസജീവിതം നയിക്കുക കൂടുതൽ ശ്രമകരമാണ്. ഭരണഘടനയുടെ തത്വങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കാതെ ന്യായമായ അവകാശങ്ങൾക്കു

വേണ്ടി നിലകൊള്ളുന്ന ക്രൈസ്തവന്യൂനപക്ഷങ്ങളുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്ന ഈ സാഹചര്യത്തിൽ വിശ്വാസജീവിതം വെല്ലുവിളികളിൽനിന്നും ഒട്ടും വിമുക്തമല്ല.

സഭ നേരിടുന്ന വെല്ലുവിളികൾ ബാഹ്യതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ആത്മീയതയെ കാർന്നുതിന്നുന്ന ഭൗതീകതയുടെ അതിപ്രസരത്തിൽ സഭാതനയരും അകപ്പെട്ടുപോകുന്നുവെന്നുള്ളത് ദുഃഖകരമായസത്യമാണ്. ധാർമ്മികരംഗത്തും വൈദ്യശാസ്ത്രരംഗത്തും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ തള്ളിപ്പറയുന്നവരും മിശിഹാ സർവ്വലോകത്തിന്റെയും രക്ഷകനാണെന്ന സഭയുടെ പരമ്പരാഗത പ്രബോധനത്തിൽ വെള്ളം ചേർക്കുന്നവരും കൂടിവരുന്നു. മാർതോമ്മാ ശ്ലീഹാ കൊളുത്തിതന്ന വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിക്കുന്നതിനുപകരം ഊതിക്കെടുത്തി, പെന്തക്കോസ്തു സെക്റ്റുകളിലേക്ക് പോകുന്നത് വിശ്വാസം കൈമാറിത്തന്ന പൂർവ്വികരോടു കാണിക്കുന്ന വഞ്ചനയാണ്.

ദൈവജനത്തെ നയിക്കുന്ന വൈദികർ വിശ്വാസതീഷ്ണത സ്വന്തമാക്കാൻവേണ്ടിയാണ് വൈദികവർഷം മാർപാപ്പ പ്രഖ്യാപിച്ചത്. സഭയിലാണ് ഒരുവൻ പുരോഹിതനാകുന്നതെന്നും സഭയിൽനിന്നും മാറി പൗരോഹിത്യത്തിനർത്ഥമില്ലെന്നും ബഹുമാനപ്പെട്ട വൈദികർ മനസ്സിലാക്കട്ടെ. കഴിഞ്ഞുപോയ പുരോഹിതവർഷം വൈദികരെ സംബന്ധിച്ചിടത്തോളം ആത്മശോധനയുടെ വർഷമായിരുന്നു. വിയാനിപുണ്യവാന്റെ ഓർമ്മകൾപ്പേറുന്ന പുരോഹിതവർഷം മിശിഹായുടെ ഹൃദയത്തിനനുരൂപരായ വൈദികർക്ക് ജന്മംകൊടുക്കുക ലക്ഷ്യംവെച്ചിരുന്നു. ക്രിസ്തുവിന്റെ ഹൃദയം മനുഷ്യരോടുള്ള സ്നേഹത്താൽ പിളർക്കപ്പെട്ട ഹൃദയമാണ്. ഈ സ്നേഹത്തിലാണ് മിശിഹായുടെ പൗരോഹിത്യത്തിന്റെ വിശ്വസ്തത അടങ്ങിയിരിക്കുന്നത്. സ്നേഹത്തിലൂന്നിയ ഈ വിശ്വസ്തതയെപ്പറ്റിതന്നെയാണ് 'മിശിഹായുടെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തത' എന്ന ആപ്തവാക്യം സൂചിപ്പിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കാൻ എന്റെ സഹോദര വൈദികർ പരിശ്രമിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. സഭയെ ശക്തിപ്പെടുത്താൻ വൈദിക-സന്യസ്ത ജീവിതത്തിലേക്ക് ധാരാളം ദൈവവിളിയുണ്ടാകുവാൻ ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കുകയും നമ്മുടെ ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങളിൽ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

ദുക്റാനതിരുനാൾ അനുസ്മരിക്കുമ്പോൾ സീറോമലബാർ സഭയ്ക്കു ദൈവം പ്രത്യേകമായി നൽകുന്ന വലിയ അനുഗ്രഹങ്ങളെ

പ്പറ്റി സൂചിപ്പിക്കാതിരിക്കാൻ സാധിക്കുകയില്ല. ഈ വർഷം ആറു മെത്രാന്മാരെയാണ് സീറോമലബാർ സഭയ്ക്ക് പുതുതായി ദൈവം നൽകിയിരിക്കുന്നത്. കൂരിയമെത്രാനായി നിയമിതനായിരിക്കുന്ന മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ഇരിഞ്ഞാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, മണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ് ഞരളക്കാട്ട്, രാമനാഥപുരം രൂപതയുടെ മെത്രാൻ മാർ പോൾ ആലപ്പാട്ട്, തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ. മണ്ഡ്യ, രാമനാഥപുരം എന്നീ രണ്ടു രൂപതകളും പുതുതായി ഉദയം ചെയ്തു. ദൈവം നിയോഗിച്ച പുതിയ ഇടയന്മാർക്ക് സീറോമലബാർ സഭയിലെ എല്ലാ മക്കളുടെയും പേരിലുള്ള പ്രാർത്ഥനാശംസകൾ നേരുന്നു. കൂട്ടായ്മയും ഐക്യവും നിലനിർത്തി സഭയെ പടുത്തുയർത്താൻ ദൈവം ഇവരെ അനുഗ്രഹിക്കട്ടെ. ദീർഘകാലത്തെ സഭാശുശ്രൂഷയ്ക്കുശേഷം ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച ഇരിഞ്ഞാലക്കുട രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ജെയിംസ് പഴയാറ്റിലിനെയും താമരശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളിയെയും നന്ദിയോടെ ഓർക്കുന്നു.

സീറോമലബാർ സഭാദിനമായാണല്ലോ ദുക്റാനതിരുനാൾ നാം ആചരിക്കുന്നത്. സഭാദിനത്തിൽ നമ്മുടെ സഭയുടെ അധികാരപരിധിക്കു പുറത്തുവസിക്കുന്ന സീറോമലബാർ സഭയിലെ എല്ലാ മക്കളെയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ സഭയുടെ തനതായ പാരമ്പര്യവും ആരാധനക്രമവും അനുസരിച്ചുള്ള അജപാലന സൗകര്യം ഏർപ്പെടുത്തുന്നതിനും ഭാരതമെമ്പാടും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുമുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും അതിനുവേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള അജപാലന പ്രവർത്തനത്തിനും പ്രേഷിതപ്രവർത്തനത്തിനുമുള്ള നമ്മുടെ അവകാശം സാധിതമാക്കാനുള്ള പരിശ്രമങ്ങളിൽ നിങ്ങളുടെ പ്രാർത്ഥന കൂടെയുണ്ടാകണമെന്നപേക്ഷിക്കുന്നു. സഭാദിനത്തോടനുബന്ധിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായസമാഹരണത്തിലും എല്ലാ സീറോ-മലബാർ സഭാംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഓഗസ്റ്റുമാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാന്മാരുടെ സിനഡിനിടയിലാണല്ലോ സിറോമലബാർ സഭയുടെ മൂന്നാമത് മേജർആർക്കി

എപ്പിസ്കോപ്പൽ അസംബ്ലി സമ്മേളിക്കുന്നത്. അസംബ്ലിയുടെ മുഖ്യ വിഷയം "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്നതാണ്. ഇന്നിന്റെ വെല്ലുവിളിയായ മരണസംസ്കാരത്തെ തിരിച്ച റിയാനും അതിനെതിരെ പോരാടാനും സൃഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്കാരത്തെ അതിന്റെ സമഗ്ര തയിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രതിസംസ്കാരം ആവിഷ്ക്കരിക്കാ നുമാണ് അസംബ്ലി ആഗ്രഹിക്കുന്നത്.

'സഭയെ മാതാവായി അംഗീകരിക്കാത്തവന്, ദൈവത്തെ പിതാവേ എന്നുവിളിക്കാനാവില്ല' എന്ന സഭാപിതാവായ വി. സിപ്രി യന്റെ വാക്കുകൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ മിശിഹായുടെ മൗതികശരീരമാകുന്ന സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാനുള്ള സ്ഥൈര്യം ഏറ്റുവാ ങ്ങാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. കേരളത്തിനകത്തും പുറത്തും വിദേശത്തുമായി കഴിയുന്ന എല്ലാ സഭാമക്കൾക്കും ദുക്റാനതിരു നാളിന്റെ മംഗളങ്ങൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.


കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോ ലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് മെയ് 29 -ാം തീയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**NB:- ഈ ഇടയലേഖനം ജൂൺ 27-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജന ങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങ ളിലും വായിക്കേണ്ടതാണ്.**



# സർക്കുലർ

## തടവറ പ്രേഷിതദിനം 2010

### കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകത യെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയരേ,

ആഗസ്റ്റ് പത്താം തീയതി വിശുദ്ധ മാക്സ്മില്യൻ കോൾബെ യുടെ തിരുനാൾ നാം ആഘോഷിക്കുന്നു. സഹതടവുകാരനുവേണ്ടി സ്വജീവൻ അർപ്പിക്കാൻ തയ്യാറായ വിശുദ്ധനാണ് കോൾബെ. തടവറ പ്രേഷിതദിനമായി ഇന്ത്യയിലെ കത്തോലിക്കാസഭ ആചരിക്കുന്നത് അദ്ദേഹത്തിന്റെ തിരുനാൾ ദിനമാണ്. തടവുകാരോട് ക്രൈസ്തവൻ പ്രദർശിപ്പിക്കേണ്ട കാരുണ്യത്തിനും അർപ്പണത്തിനും ഉത്തമ മാതൃക യാണ് അദ്ദേഹം. അങ്ങനെ അദ്ദേഹം നമുക്ക് വലിയ പ്രചോദകനായി ഭവിച്ചിരിക്കുന്നു. യഥാർത്ഥ കുറ്റവാളികളും കുറ്റമാരോപിക്കപ്പെട്ടവരു മായി അനേകം പേർ ജാതിമതഭേദമെന്യേ ജയിലുകളിൽ കഴിയുന്നു ണ്ട്. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു (മത്തായി 25/36) എന്ന ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് ക്രിസ്തു സ്നേഹത്താൽ പ്രേരിതമായി തടവറ സഹോദരങ്ങൾക്കുവേണ്ടി ചെയ്യുന്ന സേവനം സഭ എന്നും വലിയ കാരുണ്യപ്രവൃത്തിയായിട്ടാണ് കണ്ടിട്ടുള്ളത്. യേശുവിന്റെ തന്നെ ആഗമനോദ്ദേശ്യത്തിലെ പങ്കുചേര ലായും അതിനെ സഭ കാണുന്നു. അവിടുത്തെ വരവിന്റെ ഒരു ലക്ഷ്യം ബന്ധിതരെ മോചിപ്പിക്കുക എന്നതായിരുന്നു (ലൂക്ക 4/18). ക്രിസ്തു വിന്റെ ക്ഷമിക്കുന്നതും വ്യവസ്ഥയില്ലാത്തതുമായ സ്നേഹം തടവറ സഹോദരരിൽ എത്തിക്കുന്ന പ്രവർത്തനമാണ് കെ.സി.ബി.സി.യുടെ ജസ്റ്റിസ്, പീസ് ആൻഡ് ഡവലപ്മെന്റിന്റെ കീഴിലുള്ള ജീസസ്സ് ഫ്രറ്റേ ണിറ്റി (യേശുസാഹോദര്യം) അംഗങ്ങൾ നിർവഹിക്കുന്നത്.

എല്ലാ മനുഷ്യന്റെയും വേദനകളുമായി താദാത്മ്യപ്പെടുവാൻ ഈശോ ആഗ്രഹിച്ചു. അതിനാൽ തടവറസഹോദരരുടെയും വേദന ഏറ്റു വാങ്ങാൻ അവിടുന്ന് തിരുമനസ്സായി. ഒരു രാത്രി അവിടുന്ന് പീലാത്തോസിന്റെ തടവറയിലായിരിക്കുകയും പട്ടാളക്കാരുടെ നിഷ്ഠൂരമായ പീഡനത്തിന് തന്നെത്തന്നെ വിധേയനാക്കുകയും ചെയ്തു. ഒരു കുറ്റവാളിയെപ്പോലെ അവിടുന്നു കുരിശിലേറ്റപ്പെട്ടു. എങ്കിലും അവിടുന്ന് അവയെല്ലാം അതിജീവിച്ച് മരണത്തിലൂടെ ജീവനിലേയ്ക്ക് പ്രവേശിച്ചു. ജയിൽവാസികൾ ക്രിസ്തുവിനോടു താദാത്മ്യപ്പെടുകയും പുതുജീവനിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെയാണ് ജീസസ്സ് ഫ്രറ്റേണിറ്റി പ്രവർത്തിക്കുന്നത്. തടവറസഹോദർ കുറ്റബോധവും നിരാശയും കൊണ്ട് നിറഞ്ഞവരാകാൻ ഇടയുണ്ട്. അവരിൽ മാനസാന്തരവും യഥാർത്ഥ പശ്ചാത്താപവും ജനിപ്പിച്ച് പ്രത്യാശയിലേക്കും നവജീവനിലേയ്ക്കും നയിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം. അതുകൊണ്ടാണ് ദൈവമായ യേശുവിന്റെ കരുണയും സ്നേഹവും അവർക്ക് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രാർത്ഥനകളിലൂടെയും ഉപവിപ്രവൃത്തികളിലൂടെയും വെളിപ്പെടുത്തിക്കൊടുക്കാൻ ജീസസ്സ് ഫ്രറ്റേണിറ്റി പരിശ്രമിക്കുന്നത്.

അന്യായമായി കാരാഗൃഹവാസം അനുഭവിക്കുന്നവരുണ്ടാകാം. യേശുവിന്റെയും അപ്പസ്തോലൻമാരുടെയും ചരിത്രം അതല്ലേ സൂചിപ്പിക്കുന്നത്. സത്യത്തിനും നീതിക്കും വിശ്വാസസാക്ഷ്യത്തിനും വേണ്ടി കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നിട്ടുള്ളവർ കുറച്ചൊന്നുമല്ല ഉള്ളത്. മാക്സ്മില്യൻ കോൾബെയുടെ അനുഭവവും മറ്റൊന്നുമല്ലല്ലോ. കാരാഗൃഹകാലഘട്ടം അനുഗ്രഹപ്രദമാക്കിയവർ - രചനയിലൂടെയും പഠനങ്ങളിലൂടെയുമൊക്കെ - ധാരാളം ഉണ്ട്. പൗലോസ് തന്റെ കാരാഗൃഹവാസത്തെ ക്രിയാത്മകമാക്കിയെന്ന് നാം വായിക്കുന്നുണ്ട് (1കൊറി 11/23-27). സ്വതന്ത്രഭാരതത്തിന്റെ ശില്പികളിൽ എത്രയധികം പേർ കാരാഗൃഹവാസം അനുഭവിക്കുകയും അതിനെ നന്മയാക്കി മാറ്റുകയും ചെയ്തു! ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പ്രവർത്തനം തടവറവാസത്തെ നന്മയുള്ളതാക്കിമാറ്റാൻ സഹായിക്കണം. തിന്മ പ്രവർത്തിക്കുന്നവരുടെയിടയിൽപോലും മനുഷ്യമഹത്വവും മാനസാന്തരത്തിനുള്ള സാദ്ധ്യതയും ഇല്ലാതാകുന്നില്ല എന്ന ബോധ്യമാണ് തടവറ ശുശ്രൂഷയ്ക്ക് ക്രൈസ്തവനെ പ്രേരിപ്പിക്കുന്നത്. തടവറ സഹോദരരെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതോടൊപ്പം അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നമുക്ക് കടമയുണ്ട്. മാതാവോ പിതാവോ തടവറയിലായിരിക്കുന്നതുകൊണ്ട് കഷ്ടപ്പെടുന്ന അവരുടെ കുടുംബങ്ങളെയും പ്രത്യേ

കവിധമായി കുഞ്ഞുങ്ങളെ, സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. കെ.സി.ബി.സി. യുടെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ കീഴിൽ ഇത്തരത്തിലുള്ളവരെ സംരക്ഷിച്ചുവളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും ഉതകുന്ന 17 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കുട്ടികളെ സഹായിക്കുന്നുമുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം ഉണ്ടാകണം. ജീസസ്സ് ഫ്രറ്റേണിറ്റി പ്രവർത്തനങ്ങളോട് സഹകരിച്ച്, തടവറ സഹോദരരുടെ ഈ ശുശ്രൂഷയ്ക്കുവേണ്ട സാമ്പത്തികസഹായം ഉദാരമായി നൽകുവാനും എല്ലാവരോടും സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

ദൈവരാജ്യപ്രാപ്തിക്ക് സഹായകരമായി തടവുകാരെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയെന്ന മനോഗുണപ്രവർത്തിക്ക് യേശുവിന്റെ സ്നേഹം നമ്മെ എല്ലാവരെയും നിർബന്ധിക്കട്ടെ (2കൊറി 5:14) എന്നാശംസിക്കുന്നു. കരുണാനിധിയും സ്നേഹനിധിയുമായ പിതാവ് തന്റെ പുത്രനിലൂടെ നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ജീസസ്സ് ഫ്രറ്റേണിറ്റിക്കുവേണ്ടി,

**മാർ മാത്യു അറയ്ക്കൽ**
ചെയർമാൻ, കെ.സി.ബി.സി. കമ്മീഷൻ ഫോർ ജസ്റ്റിസ്,
പീസ് ആൻഡ് ഡവലപ്മെന്റ്

---

**NB:- തടവറപ്രേഷിതദിനമായ ആഗസ്റ്റ് 8–ാം തീയതി ഈ സർക്കുലർ എല്ലാ ദേവാലയങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്. അന്നേദിവസം പ്രത്യേക പിരിവ് എടുക്കേണ്ടതും അത് രൂപതാകേന്ദ്രങ്ങളിലേക്കും അവിടെനിന്ന് ജീസസ്സ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്കും അയച്ചുകൊടുക്കേണ്ടതുമാണ്.**

# രൂപതാകച്ചേരി വാർത്തകൾ

## സീറോമലബാർ സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ സ്മരണദിനമായ ജൂലൈ 3 മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭയുടെ ദിനം കൂടിയായിട്ടാണ് നാം ആചരിക്കുക. ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം കൊണ്ടുവന്ന് ആ വിശ്വാസത്തിന്റെ കാതലായ സ്നേഹത്തിന്റെ ഐക്യത്തിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഈ ദിനം നമ്മെ പ്രചോദിപ്പിക്കട്ടെ. അന്നേ ദിവസത്തെ പ്രത്യേക സ്തോത്രക്കാഴ്ച സീറോമലബാർ സഭാകേന്ദ്രത്തിൽ എത്തിച്ച് കൊടുക്കുവാൻവേണ്ടി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരുമല്ലോ.

## യുവജനദിനം

ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായിത്തീർന്നുകൊണ്ട് ലോകത്തിലെ അന്ധകാരത്തെ അകറ്റാനും, ലോകജീവിതത്തിൽ രുചി പകരാനും നമ്മുടെ നാഥൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനം ഏറ്റവും ഫലപ്രദമായി പ്രായോഗികമാക്കുവാൻ ഏറ്റവും കഴിവുള്ളവർ നമ്മുടെ യുവജനങ്ങളാണ്. നിയമവും നീതിയും ചവിട്ടിമെതിക്കപ്പെടുന്ന, സത്യത്തിനും ധാർമ്മിക മൂല്യങ്ങൾക്കും വിലകൽപ്പിക്കാത്ത നിയമനിഷേധവും, മദ്യാസക്തിയും, കൊലപാതകവും ഗുണ്ടാവിളയാട്ടവും, മാഫിയ പ്രവർത്തനങ്ങളും ഏറെ പ്രോത്സാഹിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തിൽ ഒരു തിരുത്തൽ ശക്തിയായി കടന്നുവരേണ്ടത് യുവജനങ്ങളാണ്. അതിന് ക്രൈസ്തവ യുവജനങ്ങളെ ഒരുമിച്ചുകൂട്ടുന്നതിനും, പ്രചോദിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് കെ. സി.വൈ.എം. സംഘടന പ്രവർത്തിക്കുക. ഇതര സംഘടനകൾക്കും ഈ ലക്ഷ്യത്തിൽ നിന്നും പിൻമാറാൻ കഴിയില്ല. അതിനാൽ എല്ലാ യുവജനങ്ങളും കെ.സി.വൈ.എം. ലും അതല്ലെങ്കിൽ അവർ പ്രവർത്തിച്ചുവരുന്ന ഭക്തസംഘടനകളിലും കൂടുതൽ ഊർജ്ജസ്വലതയോടെ

പ്രവർത്തിക്കാൻ ഈ ദിനം പ്രേരിതമാകട്ടെ. യുവജന പ്രേഷിതത്വത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ! നിങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുവാൻ ദൈവം അനുഗ്രഹിക്കട്ടെ. ഓരോ ക്രൈസ്തവ യുവാവും യുവതിയും യുവജനസംഘടനയായ കെ.സി.വൈ.എം ൽ അംഗമായി ചേർന്ന് സമൂഹത്തിന്റെ മനസ്സാക്ഷിയായിരിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പങ്കുചേരണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. അന്നേദിവസം പ്രത്യേക പിരിവെടുത്ത് രൂപതയിലെ യുവജന പ്രവർത്തനങ്ങളെ സഹായിക്കണമെന്നും ആ തുക രൂപതാ കേന്ദ്രത്തിൽ കഴിയുന്നത്ര നേരത്തെ എത്തിച്ചുതരണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ യുവജനങ്ങളെയും അവർക്കുവേണ്ടി പ്രവർത്തിക്കുന്നവരേയും നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**വൈദികവർഷം**

2009 ജൂൺ 19 ന് ആരംഭിച്ച് 2010 ജൂൺ 19 ന് അവസാനിച്ച വൈദികവർഷത്തിൽ രൂപതയിലെ ദൈവജനം വൈദികരോടു കാണിച്ച സ്നേഹത്തിനും, ആദരവിനും പ്രത്യേകിച്ച് വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചതിനും ഹൃദയപൂർവ്വം നന്ദി പറയട്ടെ. വൈദികരുടെ ഫൊറോനകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ധ്യാനം മുതൽ നിരവധി കാര്യങ്ങൾ ചെയ്യാൻ ഈ വൈദികവർഷത്തിൽ നമുക്കു കഴിഞ്ഞു. വൈദികവർഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങളെയും കൺവീനറായി പ്രവർത്തിച്ച ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനേയും നന്ദിയോടെ സ്മരിക്കുന്നു. നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ടിന്റെ നേതൃത്വത്തിൽ അത്മായ സഹോദരങ്ങൾ ചെയ്ത സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. അവർ വിഭാവനം ചെയ്ത വിയാനിഫണ്ട് ശേഖരണം വിജയപ്രദമാകണമെങ്കിൽ എല്ലാ ഇടവകകളിലെയും അത്മായരുടെയും ബഹു. വൈദികരുടെയും കൂട്ടായ പ്രയത്നം ആവശ്യമാണ്. അത്മായ സഹോദരങ്ങൾ മുൻകൈയെടുത്ത് ആരംഭിച്ച ആ കാര്യം വിജയപ്രദമാക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കട്ടെ. വൈദീകവർഷത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച്, വൈദികവർഷം അവസാനിക്കാതിരുന്നെങ്കിൽ എന്ന് വൈദികരായ ഞങ്ങൾക്ക് തോന്നാൻ ഇടയാകുന്നവിധത്തിൽ പ്രവർത്തിച്ച ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## പുതിയ അഡ്രസ്സും ഫോൺ നമ്പറുകളും

**Rev. Fr. Joseph Muttathukunnel**
St Martin de Porres Church
Kazhuvamthittai, Kuzhithurai
K. K Dt, T.N., 643 211
Mob: 09786406304

**Rev. Fr. Jijo Vathelil**
St. Sebastian's Church
Seventh Hosakote, Suntikoppa (via)
Kadagu (Dist) Karnataka 570 237
Tel: 08276-279703
Mob: 07760689480

**Rev. Fr. Thomas Kattuthuruthiyil**
Divya Sadana Rudrakshipura,
Somanahalli 571 429
Maddu TK. Mandya District
Tel: 08232-213116
Mob: 09482612494

**Rev. Fr. Joseph Thumbiyamkuzhy**
Gulabi Sadana, Ragimuddanahalli
Chinakurli 571 455, Mandya Dt.
Tel: 08236-268333
Mob: 07676677877

**Rev. Fr. Jacob Poothakkuzhy**
Shanti Nilaya, Anchechittinahalli,
Nagamangala 571 432
Mandya Dt. Karnataka
Tel: 08234-283773,208100
Mob: 09482669438

**Rev. Fr. Paul Vazhappilly**
Bishop's House JyothirVikasa,
Kalenahalli, Mandya - 571 402
Tel: 08232-291050, 572260
Mob: 09483045305

**Rev. Fr. Johny Elavunkal**
St. Antony's Church, Iduvally
Thagarthy - 577 431
Shimoga Karanataka
Tel: 08183-233336
Mob: 09379264083

**Rev. Fr. Vincent Kalappura**
Good Shepherd Church
Ripponpet 577 426,
Shimoga (Dist) Karnataka
Tel: 08185242612
Mob: 09535416751

**Rev. Fr Jimmy Joseph Moolayil**
P.G block
Jnana Deepa Vidyapeeth
Ramwadi, Nagar Road
Pune 411014
Mob: 08956517557

**Rev. Fr. Lal Painumkal**
Visvadeep
Krishnanrajapura
Bangalore 560036
Mob: 08050526517

**Rev. Fr. Joseph Nechikatt**
Mob: 9544355060

## Living together programme & Priests' Conference

രൂപതയിലെ മുഴുവൻ വൈദികരും തങ്ങളുടെ മെത്രാനോടൊത്ത് സമ്മേളിച്ചുകൊണ്ട് തങ്ങളുടെ കൂട്ടായ്മയും ഐക്യവും ആഘോഷിക്കുന്ന വേളയാണിത്. അതിലേയ്ക്ക് എല്ലാ വൈദികരേയും സ്വാഗതം ചെയ്യുന്നു. കൂട്ടായ്മയിൽ ഒരാളെങ്കിലും സന്നിഹിതരാകാതെ വരുന്നത് മറ്റുള്ളവർക്ക് വിഷമകരമാകും. അതിനാൽ എല്ലാവരും സന്നിഹിതരാകാൻ പ്രത്യേകം ശ്രദ്ധിക്കുകയും പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുമല്ലോ. തീയതി, ബാച്ചുകൾ എന്നിവ ചുവടെ ചേർക്കുന്നു. രണ്ട് ബാച്ചുകളിലും സീനിയർ വൈദീകരെയും ജൂണിയർ വൈദീകരെയും ഇടകലർത്തി ഇട്ടിരിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഗസ്റ്റ് 11-ന് ബുധനാഴ്ച രാവിലെ 10 മണിമുതൽ 4 മണിവരെ വൈദീക സമ്മേളനമാണെന്ന കാര്യം ഓർക്കണേ.

### I$^{st}$ Batch: 9-10 August

| | | | |
|---|---|---|---|
| 1 | Manchuvally Joseph | 23 | Kunnathett James |
| 2 | Nechikatt Joseph | 24 | Palakatt Augustine |
| 3 | Memana Joseph | 25 | Madapallikunnel Mathew |
| 4 | Puthenpura John | 26 | Nilackappillil Augustine |
| 5 | Manakkattumattam Paul | 27 | Elavanappara Sebastian |
| 6 | Thuruthel Joseph | 28 | Kumbakeel Kuriakose |
| 7 | Kaniamattam Joseph | 29 | Puthukulathil John |
| 8 | Kulathinal James | 30 | Chakkittukudy Jose |
| 9 | Nanthikatt Joseph | 31 | Mecheril Joseph |
| 10 | Athickal Mathew | 32 | Ponthottiyil Thomas |
| 11 | Kulirany Jose | 33 | Therakam George |
| 12 | Parambil Kuriakose | 34 | Moloparambil Jose |
| 13 | Chettaniyil Thomas | 35 | Keezheth Sebastian |
| 14 | Thamarasseril Vincent | 36 | Pudussery Vincent |
| 15 | Mundackamattam Jose | 37 | Manikuttiyil Kurian |
| 16 | Kuttimakkal James | 38 | Kalappura Jose |
| 17 | Myladoor George | 39 | Muthirakalayil Joseph |
| 18 | Therakam Thomas Joseph | 40 | Vadayaparambil Jose |
| 19 | Moolayil George | 41 | Kollarthottam Mathew |
| 20 | Thekkanady Jose | 42 | Kottaram Jose |
| 21 | Unnippally Sebastian | 43 | Kuttikattukunnel Thomas |
| 22 | Kottackal Stephen | 44 | Manakkunnel Thomas |

45 Kocharackal Jose
46 Koottala Paul
47 Meppurath Chacko
48 Mulakudiyankal Varghese
49 Pulinthanam Jose
50 Korattiparambil Vincent
51 Moothedath Mathew
52 Madathinakam Leopold
53 Koyikattil Thomas
54 Paruvummel Joseph
55 Vazhappilly Paul
56 Edayakondattu Paul
57 Kochuparackal Kurian
58 Moothedath Thomas
59 Periappuram Mathew
60 Punchayil Lucka
61 Kachirayil Thomas
62 Kazhuthadiyil Mathew
63 Plassanal Thomas
64 Thuruthel Kuriakose
65 Chelackapallil Thomas
66 Madathil Abraham
67 Puthukulangara Thomas
68 Perumattikunnel John
69 Thanniyil Augustine
70 Ambalathinkal Sebastian
71 Muthukathaniyil Varghese
72 Pulpayil Joseph
73 Vazhakatt Joseph
74 Chembakkara James
75 Kuzhikandathil Joseph
76 Munjanattu Mathew
77 Palath Joseph
78 Chettiyassery Joseph
79 Kavumkal Joseph
80 Karukapally Joseph
81 Chakiyathmooda Xavier
82 Kizhakkanputhupally John
83 Kudackachira Joseph
84 Poothakkuzhy Jacob
85 Pulinthanath John
86 Aikkarathazhath Joseph
87 Karuthedath Mathew
88 Puthenpurayil Joseph
89 Vadayaparambil Sony
90 Onampally Jerry

## II$^{nd}$ Batch: 11-12 August

1 Memana George
2 Chittoor Joseph
3 Palackeel Sebastian
4 Mannoor Thomas
5 Koipuram Sebastian
6 Mampallil George
7 Peedikappara James
8 Kattarath Mathew
9 Kumbukal James
10 Thykunnumpuram Thomas
11 Mundackal Jose
12 Kizhakkumpuram George
13 Paikkatt Mathew
14 Valloppilly Joseph
15 Muthukattil Shantidas
16 Pinakkatt Joseph
17 Thondiparambil Joseph
18 Mundolickal Paul
19 Chozhenparambil John
20 Punakkatt Chandy
21 Ottaplackal Thomas
22 Puthenpura Augustine
23 Mattam Gervasis
24 Chempalayil Augustine
25 Vazhayil Kurian

26 Perumattikunnel Mathew
27 Vazhachalil Thomas
28 Kunnath Kuriakose
29 Nellickal Abraham
30 Thayyil Jose
31 Kuthukallunkal Francis
32 Nellikunnel Francis
33 Padinjarayil George
34 Kochuparackal Mathew
35 Parunthanolil Thomas
36 Mankottil James
37 Pallichankudiyil Mathai
38 Alukka George
39 Korandiyarkunnel Paul
40 Kunnath Johny
41 Vazhakkala Chackochan
42 Mulavelikunnel Jacob
43 Kokkandathil John
44 Maplassery Lukose
45 Moonnanal Justin
46 Ousepparampil Joseph
47 Puthanapra Kurian
48 Mampallil Anto
49 Pullamkunnel Joy
50 Kallupura Johny
51 Kottayil Joseph
52 Parayil Sebastian
53 Vadakkancheril Mathew
54 Nedumkallel Joseph
55 Choorapuzhayil John
56 Kappiarumalayil Jose
57 Mangalathil Thomas
58 Nadukunnel Abraham
59 Pariyappanal Thomas
60 Perumattikunnel Thomas
61 Valakodiyil Dominic
62 Kalappura Alex
63 Mavara Stanislaus
64 Puthenpurackal Mathew
65 Vattukunnel Issac
66 Kattuthuruthiyil Thomas
67 Malayil Mathew
68 Veliyath Joseph
69 Puthenpurayil Manuel
70 Thuruthel Thomas
71 Elemkunnel Sebastian
72 Pudussery Martin
73 Thekkepera Mathew
74 Chakkittakudiyil James
75 Kakkattikalayil Sebastian
76 Manjakunnel Mathew
77 Olickal Thomas
78 Vadakkemulanjanal Michael
79 Kappiarumalayil John
80 Painumkal Kuriakose
81 Kassamkuttiyil Sebastian
82 Mukkattukavunkal Thomas
83 Changanamthundathil George
84 Kakkonal Manoj
85 Padinjarayil Mathew
86 Poovathinkal Peter
87 Thondiparambil Sebastian
88 Kallumgatharayil Agustine
89 Muthanikkattu Justin
90 Thumbiamkuzhy Joseph
91 Vathelil Abraham
92 Pakkanikuzhiyil Sebastian

# ANNUAL RETREAT FOR PRIESTS

## I[st] Batch 2010 September 12-17

1 Aikkarathazhath Joseph
2 Alukka George
3 Ambalathinkal Sebastian
4 Chakiyathmooda Xavier
5 Changanamthundathil George
6 Chelackapallil Thomas
7 Chembakkara James
8 Chempalayil Augustine
9 Elemkunnel Sebastian
10 Kakkattikalayil Sebastian
11 Kalappura Jose
12 Kallumgatharayil Agustine
13 Kallupura Johny
14 Kaniamattam Joseph
15 Kappiarumalayil John
16 Kappiarumalayil Jose
17 Karukapally Joseph
18 Kassamkuttiyil Sebastian
19 Kattamkottil Joseph
20 Kattuthuruthiyil Thomas
21 Kavumkal Joseph
22 Kazhuthadiyil Mathew
23 Kizhakkanputhupally John
24 Korattiparambil Vincent
25 Kottackal Stephen
26 Kottaram Jose
27 Koyikattil Thomas
28 Kumbakeel Kuriakose
29 Kunnath Johny
30 Kunnathett James
31 Kuttikattukunnel Thomas
32 Kuttimakkal James
33 Kuzhikandathil Joseph
34 Madapallikunnel Mathew
35 Madathinakam Leopold
36 Mampallil Anto
37 Manchuvally Joseph
38 Mangalathil Thomas
39 Mankottil James
40 Maplassery Lukose
41 Mattam Gervasis
42 Memana George
43 Moothedath Thomas
44 Mukkattukavunkal Thomas
45 Mulakudiyankal Varghese
46 Mulavelikunnel Jacob
47 Mundackamattam Jose
48 Mundolickal Paul
49 Muthirakalayil Joseph
50 Muthukathaniyil Varghese
51 Muthukattil Shantidas
52 Myladoor George
53 Nadukunnel Abraham
54 Nanthikatt Joseph
55 Nellickal Abraham
56 Olickal Thomas
57 Ottaplackal Thomas
58 Ousepparampil Joseph
59 Padinjarayil Mathew
60 Paikkatt Mathew
61 Painumkal Kuriakose
62 Pakkanikuzhiyil Sebastian
63 Pariyappanal Thomas
64 Parunthanolil Thomas
65 Paruvummel Joseph
66 Peedikappara James
67 Periappuram Mathew
68 Perumattikunnel Thomas

69 Pinakkatt Joseph
70 Plassanal Thomas
71 Ponthottiyil Thomas
72 Pulinthanam Jose
73 Pullamkunnel Joy
74 Pulpayil Joseph
75 Punakkatt Chandy
76 Puthanapra Kurian
77 Puthenpura John
78 Puthenpurackal Mathew
79 Puthenpurayil Joseph
80 Puthenpurayil Manuel
81 Puthukulangara Thomas
82 Puthukulathil John
83 Thayyil Jose
84 Thekkepera Mathew
85 Therakam George
86 Therakam Thomas Joseph
87 Thondiparambil Sebastian
88 Thumbiamkuzhy Joseph
89 Thuruthel Thomas
90 Unnippally Sebastian
91 Vadakkemulanjanal Michael
92 Vadayaparambil Jose
93 Vadayaparambil Sony
94 Valloppilly Joseph
95 Vathelil Abraham
96 Vazhakkala Chackochan
97 Vazhayil Kurian

**Religious Priests**

1 Ambathadam Antony VC
2 Chakkummootil Jojo TOR
3 Chandrankunnel Renin O.Praem
4 Ezhanikkatt George CMI
5 Illiparambil Chacko CMI
6 Karikandathil Dantees SAC
7 Mullasseril Joy CSs R
8 Njallampuzha Francis CMI
9 Ponnambel Joseph TOR
10 Purathayil James
11 Thadathil Siby O.Praem
12 Thottathil Mathew CMF

## IInd Batch 2010 September 19-24

1 Athickal Mathew
2 Chakkittakudiyil James
3 Chakkittukudy Jose
4 Chettaniyil Thomas
5 Chettiyassery Joseph
6 Chittoor Joseph
7 Choorapuzhayil John
8 Chozhenparambil John
9 Elavanappara Sebastian
10 Kachirayil Thomas
11 Kakkonal Manoj
12 Kalappura Alex
13 Karuthedath Mathew
14 Kattarath Mathew
15 Keezheth Sebastian
16 Kizhakkumpuram George
17 Kocharackal Jose
18 Kochuparackal Kurian
19 Kochuparackal Mathew
20 Koipuram Sebastian
21 Kokkandathil John
22 Kollarthottam Mathew
23 Koottala Paul
24 Kottayil Joseph
25 Kulathinal James
26 Kulirany Jose
27 Kumbukal James
28 Kunnath Kuriakose

29 Kuthukallunkal Francis
30 Madathil Abraham
31 Malayil Mathew
32 Mampallil George
33 Manakkattumattam Paul
34 Manakkunnel Thomas
35 Manikuttiyil Kurian
36 Mannoor Thomas
37 Mavara Stanislaus
38 Mecheril Joseph
39 Memana Joseph
40 Meppurath Chacko
41 Moloparambil Jose
42 Moolayil George
43 Moonnanal Justin
44 Moothedath Mathew
45 Mundackal Jose
46 Munjanattu Mathew
47 Muthanikkattu Justin
48 Nechikatt Joseph
49 Nedumkallel Joseph
50 Nedumpallil Jacob
51 Nellikunnel Francis
52 Nilackappillil Augustine
53 Onampally Jerry
54 Padinjarayil George
55 Palackeel Sebastian
56 Palakatt Augustine
57 Palath Joseph
58 Pallichankudiyil Mathai
59 Parambil Kuriakose
60 Parayil Sebastian
61 Perumattikunnel John
62 Perumattikunnel Mathew
63 Poothakkuzhy Jacob
64 Poovathinkal Peter
65 Pudussery Martin
66 Pudussery Vincent
67 Pulinthanath John
68 Punchayil Lucka
69 Puthenpura Augustine
70 Thamarasseril Vincent
71 Thanniyil Augustine
72 Thekkanady Jose
73 Thondiparambil Joseph
74 Thuruthel Joseph
75 Thuruthel Kuriakose
76 Thykunnumpuram Thomas
77 Urumbil Joseph
78 Vadakkancheril Mathew
79 Valakodiyil Dominic
80 Vattukunnel Issac
81 Vazhachalil Thomas
82 Vazhakatt Joseph
83 Vazhappilly Paul
84 Veliyath Joseph

**Religious Priests**

1 Chembukettickal Jose O.Praem
2 Chirackalpurayidom George CMF
3 Chirappurath Kurian OFM
4 Elikot Vipin CST
5 Kanjiramparambil Johny MSFS
6 Kokkandathil Jose MSFS
7 Mangatt Anil OFM
8 Olickal Thomas MCBS
9 Paradiyil John MI
10 Pulickal Sibi CMI
11 Thalachira Thomas Michael O'Carm
12 Thomas Kalappurayil CMI
13 Valiyakandathil Jiju MS

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# ബഹുമാനപ്പെട്ട അച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

സ്നേഹ ബഹുമാനപ്പെട്ട അച്ചാ,

മാനന്തവാടി രൂപതയുടെ ഒരു സമഗ്ര ചരിത്രഗ്രന്ഥം തയ്യാറാക്കുന്നതിന് അങ്ങയുടെ വിലപ്പെട്ട സഹകരണം തേടുന്നതിനാണ് ഈ കത്ത്. പൗരോഹിത്യവർഷത്തോടനുബന്ധിച്ച് നമ്മുടെ കഴിഞ്ഞ വൈദിക സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പല പദ്ധതികളിൽ ഒന്നാണിത്. ദീർഘകാല പ്രയത്നം ആവശ്യമുള്ള ഒരു ബൃഹത് സംരംഭത്തിന് അനേകരുടെ കൂട്ടായ പരിശ്രമം ആവശ്യമുണ്ട്. മാനന്തവാടി രൂപതയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ക്രൈസ്തവ സാന്നിധ്യം ആരംഭിച്ചതുമുതൽ കുടിയേറ്റത്തിലൂടെ വളർന്ന് രൂപതകളുടെ സ്ഥാപനത്തിലൂടെ ശക്തിപ്പെട്ട് ഇന്ന് വൈവിധ്യമാർന്ന ശുശ്രൂഷകളിലൂടെ അനേകം ഇടവക - സ്ഥാപനങ്ങളിലൂടെ, സന്യാസസമൂഹങ്ങളിലൂടെ, സംഘടനകളിലൂടെ വളർന്ന് സമൃദ്ധമായിരിക്കുന്ന രൂപതയുടെ ചരിത്രം തയ്യാറാക്കുവാൻ അച്ചന്റെ പരിപൂർണ്ണ സഹകരണം അത്യന്താപേക്ഷിതമാണ്. അച്ചൻ ശുശ്രൂഷ ചെയ്യുന്ന ഇടവകയുടെ / സ്ഥാപനത്തിന്റെ ഇതുവരെയുള്ള ചരിത്രം രേഖപ്പെടുത്തിയ പുസ്തകങ്ങളോ, സുവനീറുകളോ ഉണ്ടെങ്കിൽ അവ തന്ന് സഹായിക്കുകയാണ് ഒന്നാമതായി ചെയ്യാവുന്നത്. (സുവനീർ ഇറക്കിയതിനുശേഷം ഇതുവരെയുള്ള ചരിത്രം എഴുതിത്തരികയും വേണം) രണ്ടാമത് അപ്രകാരമൊന്ന് ഇതുവരെ എഴുതപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ഇന്ന് ലഭ്യമായ എല്ലാ ചരിത്രപരമായ അറിവുകളും എത്രയും വേഗം അനുയോജ്യരായ വ്യക്തികളെകൊണ്ട് തയ്യാറാക്കിത്തരികയെന്നതാണ്. മൂന്നാമതായി മാനന്തവാടി രൂപതയിലെ ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയിൽ പ്രത്യേകിച്ചും കുടിയേറ്റ കാലഘട്ടത്തിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ളവരുടെ ഓർമ്മക്കുറിപ്പുകളും അനുഭവവിവരണങ്ങളും, ചരിത്രസംബന്ധിയായത്, ശേഖരിച്ചു തരികയോ, അത്തരം വ്യക്തികളെക്കുറിച്ച്

ചരിത്രഗ്രന്ഥ പ്രസിദ്ധീകരണ കമ്മറ്റി കൺവീനർ ബഹു. ബാബു മാപ്ല ശേരി അച്ചനെ അറിയിക്കുകയോ ചെയ്യുക. ലഭ്യമായ ചരിത്ര രേഖ കൾ ബിഷപ്സ് ഹൗസിലോ, മിഷൻലീഗ് ഓഫീസിലോ, മീഡിയ സെന്ററിലോ, ഏൽപ്പിച്ച് സഹകരിക്കുമല്ലോ. ഇപ്പോൾ നാം പ്രതിനിധാനം ചെയ്യുന്ന ഇടവകയുടെയോ സ്ഥാപനത്തിന്റെയോ കൃത്യമായ ചരിത്രം രൂപതയുടെ ചരിത്ര ഗ്രന്ഥത്തിൽ ഉൾപ്പെടുന്നുണ്ട് എന്നുറപ്പുവരുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്വമായിക്കണ്ട് ഈ സംരംഭത്തെ ഗൗരവമായി പരിഗണിക്കുമല്ലൊ. ഇടവകയെ സംബന്ധിച്ച സുവനീറുകളോ ചരിത്രരേഖകളോ ഉണ്ടെങ്കിൽ ഓഗസ്റ്റ് മാസത്തിൽ വൈദിക സമ്മേളനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

അച്ചന്റെ സഹകരണത്തിന് മുൻകൂട്ടി നന്ദി പറഞ്ഞുകൊണ്ട്,

**മോൺ. ജോർജ് മൂലയിൽ**
(പ്രോട്ടോസിഞ്ചെല്ലൂസ്)

# പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്

2010 മാർച്ച് 29 ന് ചേർന്ന പാസ്റ്ററൽ കൗൺസിൽ, സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും അതിലേയ്ക്ക് 5 പേരെ തെരഞ്ഞെടുക്കണമെന്നും 5 പേരെ അഭിവന്ദ്യപിതാവ് നോമിനേറ്റ് ചെയ്യണമെന്നും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് എല്ലാ അംഗങ്ങളുടെയും പേരു രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ അംഗങ്ങൾക്ക് പോസ്റ്റിൽ അയച്ചുകൊടുക്കുകയും അതിൽ ഏറ്റവും കൂടുതൽ വോട്ടുകൾ കിട്ടിയ 5 പേരെ തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ടവർ:

1) ശ്രീ. സണ്ണി ജോസ് ചാലിൽ, 2) ശ്രീമതി മേഴ്സി ആര്യപ്പിള്ളി, 3) ശ്രീ. എം.സി. സെബാസ്റ്റ്യൻ മഠത്തിപ്പറമ്പിൽ, 4) ശ്രീ. ജോസ് പുന്നക്കുഴി, 5) ശ്രീ. മാത്യു പുതിയാംപുറം.

താഴെ പറയുന്ന അംഗങ്ങളെ അഭിവന്ദ്യ പിതാവ് നോമിനേറ്റ് ചെയ്തിരിക്കുന്നു.

1) അഡ്വ. ജോയി വാറുണ്ണി, 2) ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, 3) ശ്രീമതി ത്രേസ്യാമ്മ ബേബി പനംപറമ്പിൽ, 4) ശ്രീമതി റോസക്കുട്ടി ടീച്ചർ, 5) ശ്രീ. ജിൽസ് മേക്കൽ.

പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കൺവീനർ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായ ശ്രീ. തോമസ് ഏറണാട്ട് ആയിരിക്കും. പാസ്റ്ററൽ കൗൺസിൽ ഔദ്യോഗികമായി വിളിച്ചുകൂട്ടി ചർച്ച ചെയ്യുവാനും തീരുമാനത്തിലേയ്ക്ക് എത്തുവാനും സാഹചര്യം ഇല്ലാത്ത അവസ്ഥയിലായിരിക്കും സ്റ്റാൻഡിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുക.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

## മതബോധനരംഗം

**ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം**

2010-2011 അധ്യയനവർഷത്തിൽ തുടക്കമായി, മെയ് 29-നുള്ള ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സമ്മേളനം അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യവും സന്ദേശവും പുതിയ അധ്യയന വർഷത്തിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതായിരുന്നു. വിശ്വാസജീവിതം മറ്റൊന്നിനും പകരംവയ്ക്കാവുന്നതല്ലെന്നും, അതിന്റെ അനന്യതയും പ്രാധാന്യവും തിരിച്ചറിഞ്ഞ് ജീവിതഗന്ധിയായ പരിശീലനത്തിലൂടെ പഠിതാക്കളെ ദൈവീകമനുഷ്യരായി രൂപാന്തരപ്പെടുത്തണമെന്നതും നമ്മുടെ കടമയാണ്. ഇതിന് വചനാധിഷ്ഠിതവും, കൂദാശാബന്ധിതവുമായ ഒരു ജീവിതശൈലി രൂപപ്പെടണം.

നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനത്തിന് എന്നും സജീവ പങ്കാളിത്തം നൽകുന്ന നമ്മുടെ അധ്യാപകരെ എത്ര പ്രശംസിച്ചാലും മതിയാവില്ല. അതോടൊപ്പം പഠിതാക്കളെ നന്മയിൽ വളർത്താനുള്ള അറിവും, ജീവിതവിശുദ്ധിയും വചനാധിഷ്ഠിത, കൂദാശാബന്ധിതമായ ജീവിതത്തിലൂടെ വളരുവാൻ അവരും നിരന്തരം ശ്രദ്ധിക്കണം. കുട്ടികളുടെയും അധ്യാപകരുടെയും വിശ്വാസജീവിത പരിശീലനത്തിന് രൂപതാ മതബോധനകേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് നടപ്പിലാക്കണം.

കഴിഞ്ഞ അധ്യയനവർഷത്തിൽ IV, VII, X, XII ക്ലാസുകളിൽ രൂപതാ, ഫൊറോന തലങ്ങളിലും, യൂണിവേഴ്സിറ്റി തലത്തിലും റാങ്ക് വാങ്ങിയ കുട്ടികളെയും HDC പരീക്ഷയിൽ ഉന്നതവിജയം നേടിയവരെയും, മതബോധനരംഗത്ത് 25 വർഷത്തെ ജൂബിലി ആഘോഷിക്കുന്നവരെയും അഭിവന്ദ്യ പിതാവ് പ്രത്യേകം അനുമോദിക്കുകയും അവർക്ക് രൂപതാ മതബോധനകേന്ദ്രത്തിന്റെ ഉപഹാരവും ക്യാഷ്

അവാർഡും സമ്മാനിക്കുകയും ചെയ്തു. രൂപതാ മതബോധന കോർഡിനേറ്റർ ശ്രീ. വർക്കി നിരപ്പേൽ സ്വാഗതമരുളിയ സമ്മേളനത്തിന് രൂപതാ ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ ആമുഖപ്രഭാഷണം നടത്തി. ഉന്നതവിജയം നേടിയ കുട്ടികളെയും ജൂബിലേറിയൻസിനെയും അഭിനന്ദിച്ചുകൊണ്ട് രൂപതാ ടീം അംഗം ശ്രീ. ബെന്നി വട്ടക്കാമുളയിൽ സംസാരിച്ചു. ജൂബിലേറിയൻസിന്റെ പ്രതിനിധി ശ്രീ. ആന്റണി പാറയിൽ, HDC പ്രതിനിധി സി. ആനി ജെയിംസ് എസ്.എച്ച്., കുട്ടികളുടെ പ്രതിനിധി കുമാരി ആഷ്ന കടവന്നൂർ എന്നിവർ നന്ദി പറഞ്ഞു.

വിശ്വാസ പരിശീലനരംഗത്ത് 25 വർഷങ്ങൾ പിന്നിട്ടവർ, ശ്രീ. അഗസ്റ്റിൻ പാറയ്ക്കൽ, ശ്രീ. ആന്റണി പാറയിൽ, ശ്രീ. ആൻഡ്രൂസ് മുഞ്ഞനാട്ട്, ശ്രീ. ബെന്നി വട്ടക്കാമുളയിൽ, ശ്രീ. ബാബു തെങ്ങട, ശ്രീ. ചാക്കോച്ചൻ ഓളങ്ങാട്ട്, ശ്രീ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ, ശ്രീമതി അച്ചാമ്മ കുന്നുങ്കരി, സി. എമിലി സി.എം.സി., സി. മെലാനി എസ്. എച്ച്., സി. ഫിൽസി എഫ്.സി.സി.

2010–11 അധ്യയനവർഷത്തെ രൂപതാ കലണ്ടർ, സിലബസ് മൂല്യനിർണ്ണയ രീതികൾ, വിശ്വാസോത്സവം, നിരന്തരമൂല്യനിർണ്ണയം, വചന ഡയറി, പരീക്ഷകൾ, അധ്യാപകപരിശീലനം.... തുടങ്ങിയ കാര്യങ്ങളിൽ ക്രിയാത്മകമായ ചർച്ചകളും, അതിനെതുടർന്നുള്ള നിർദ്ദേശങ്ങളും ഉണ്ടായി. ചർച്ചകൾക്ക് രൂപതാ മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് നേതൃത്വം നൽകി.

**തീരുമാനങ്ങൾ**

– അധ്യാപകരുടെ ഫൊറോനതല പഠനസംഗമം എല്ലാ ഫൊറോനകളിലും നടത്തുക.

– XII – ാം ക്ലാസിലെ എല്ലാ കുട്ടികളുടെയും പഠനസംഗമം ഫൊറോനതലത്തിൽ നടത്തുക.

– ഈ വർഷത്തെ വിശ്വാസോത്സവം ആദ്യത്തെ രണ്ടു ടേമിലും ഓരോ ദിവസവും, മൂന്നാമത്തെ ടേമിൽ ഏപ്രിൽ 1, 2 ദിവസങ്ങളിലുമായി നടത്തുക.

– 'എന്റെ വചനഡയറി' സംബന്ധമായ കാര്യങ്ങൾ കാര്യക്ഷമമായി നടത്തുകയും ശ്രദ്ധിക്കുകയും ചെയ്യുക.

– XI, XII – ാം ക്ലാസുകളിലെ കുട്ടികളുടെ രജിസ്ട്രേഷൻ നമ്പർ ലിസ്റ്റ് ഇടവകയിലേക്ക് നൽകുക.

രൂപതാ ടീം അംഗം ശ്രീ. ജോൺസൻ വടക്കേക്കര ഏവർക്കും

നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാനത്തോടെ യോഗം അവസാനിച്ചു. ബഹു. വികാരിയച്ചന്മാരെയും, പ്രധാനാധ്യാപകരെയും, രൂപതാ ടീം അംഗങ്ങളെയും പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു.

## ഇടവക സെമിനാറുകൾ

ദീപ്തിഗിരി, മഞ്ഞൂറ, കുറുമണി അരിഞ്ചേർമല എന്നീ ഇടവകകളിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും നടത്തിയ സെമിനാറുകൾക്ക്, റവ.ഫാ. ബെന്നി മുതിരക്കാലായിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. സജി നരിവേലിൽ, ശ്രീ. ജോൺസൻ വടക്കേക്കര, ശ്രീ. ബേബി ചക്കാലക്കൽ എന്നിവർ നേതൃത്വം നൽകി.

## അധ്യാപക പരിശീലനം

VII,VIII, IX, X, XI, XII ക്ലാസുകളിലെ അധ്യാപകർക്ക് ദ്വാരക പാസ്റ്ററൽ സെന്ററിലും, XII ക്ലാസ് അധ്യാപകർക്ക് മണിമൂളി പാസ്റ്ററൽ സെന്ററിലും പാഠപുസ്തകാടിസ്ഥാനത്തിലുള്ള പരിശീലനം സംഘടിപ്പിച്ചു. പങ്കെടുത്ത അധ്യാപകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും, പരിശീലനം നൽകിയ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

## സർവ്വേ ഫോറം

ഈ വർഷത്തെ സർവ്വേ ഫോറം ഇനിയും ഓഫീസിൽ എത്തിച്ചിട്ടില്ലാത്തവർ ഉടനെ എത്തിക്കുമല്ലോ.

## DCC, HDC അപേക്ഷകൾ

ഈ വർഷത്തെ DCC, HDC അപേക്ഷകൾ രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം ജൂലൈ 15. ഇടവകകളിൽ നിന്നും അവ നിശ്ചിത തീയതിക്ക് മുമ്പായി എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## HDC Contact Class

HDC രണ്ടാം വർഷക്കാരുടെ Contact Class ജൂലൈ 10, 24 തീയതികളിൽ ദ്വാരകയിലും ജൂലൈ 31-ന് മണിമൂളിയിലും നടത്തുന്നു. പങ്കെടുക്കേണ്ടവർ ശ്രദ്ധിക്കുമല്ലോ.

HDC ആദ്യവർഷക്കാരുടെ (പുതിയ രജിസ്ട്രേഷൻ) ആദ്യക്ലാസ് ആഗസ്റ്റ് 7, 14 ദിവസങ്ങളിൽ ദ്വാരകയിൽ നടത്തുന്നു.

## 'എന്റെ വചനഡയറി'

എല്ലാ ദിവസവും കുട്ടികൾ വി.ഗ്രന്ഥം വായിക്കുകയും വചനഡയറി എഴുതുകയും ചെയ്യുന്നു എന്ന് അധ്യാപകർ ഉറപ്പ് വരുത്തണം.

ബൈബിൾ വായന കുട്ടികൾക്ക് ജീവിതശൈലിയായി മാറണം. വിശ്വാസ പരിശീലനം വർഷാരംഭത്തിൽ മുതൽ താത്പര്യത്തോടും അതീവ ശ്രദ്ധയോടും കൂടിയാകട്ടെ.

### ടീച്ചിംഗ് നോട്ട്

അധ്യാപകർ ശ്രദ്ധിക്കുക, ഈ വർഷത്തെ ടീച്ചിംഗ് നോട്ടിന്റെ അവസാനഭാഗത്ത് Internal Marks ചേർക്കുവാനുള്ള പേജുകൾ ബൈൻഡ് ചെയ്തപ്പോൾ കുറച്ച് ബുക്കുകളിൽ ക്രമംതെറ്റിയതായി ശ്രദ്ധയിൽപെട്ടു. അതിനാൽ ആ ഭാഗം വീണ്ടും അച്ചടിച്ച് നൽകിയത് ലഭിച്ചു എന്ന് കരുതുന്നു. കൃത്യതയോടെ അവ ഉപയോഗിച്ച് കുട്ടികളുടെ Internal Assessment ക്രമീകരിക്കുമല്ലോ.

### സ്നേഹപൂർവ്വം സ്വാഗതം

ഈ വർഷം ഫൊറോനകളിൽ മതബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ നിയമിതരായിരിക്കുന്ന ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ (കല്ലോടി), ബഹു. ബിജു കോയിക്കാട്ടിലച്ചൻ (കൽപ്പറ്റ), ബഹു. ചാക്കോ മേപ്പുറത്തച്ചൻ (തരിയോട്) എന്നിവർക്ക് ഹൃദയപൂർവ്വകമായ സ്വാഗതം.

### ഫൊറോന വാർത്തകൾ

### ബത്തേരി ഫൊറോന

### 2009-10 മേഖലാ സ്കോളർഷിപ്പ് വിജയികൾ

**V**

I മരിയ വാടാശ്ശേരി - ബത്തേരി
II അജൽ ജെയിംസ് പുഞ്ചയിൽ - മൂലങ്കാവ്
III അന്നമ്മ കളമ്പുകാട്ട് - മൂലങ്കാവ്

**VI**

I മരിയ മാളിയേക്കൽ - അമ്പലവയൽ
II ജിൽന വെള്ളമറ്റത്തിൽ - കല്ലുമുക്ക്
II അനറ്റ് വട്ടക്കുട്ട് - തോമാട്ടുചാൽ
III സാന്ദ്ര കുറുപ്പുംപറമ്പിൽ - മൂലങ്കാവ്

**VIII**

I ആൻമേരി വില്ലന്താനം - അമ്പലവയൽ
II ആഷ്ന വെള്ളമറ്റത്തിൽ - കല്ലുമുക്ക്
III അജിറ്റ തടത്തിൽ - കടൽമാട്

**IX**

I റോസ പുള്ളോലിക്കൽ - ചുള്ളിയോട്
II അമൽ മാളിയേക്കൽ - അമ്പലവയൽ
III അലീന പൂക്കളം - ചിത്രഗിരി

**മതാധ്യാപകർക്കായി 2009-10 അധ്യയനവർഷത്തിൽ നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾ**

**ഉപന്യാസം**

I സി. മേഴ്സി ഏറത്ത് SABS - അമ്പലവയൽ
II സി. ലിസ്സി ജോൺ FCC - ബത്തേരി

**കവിത**

I സാനി സ്കറിയ പുതിയകുന്നേൽ - തോമാട്ടുചാൽ
II സി. മേഴ്സി ഏറത്ത് SABS - അമ്പലവയൽ

**കഥ**

I സാനി സ്കറിയ പുതിയകുന്നേൽ - തോമാട്ടുചാൽ
II സി. മേഴ്സി ഏറത്ത് SABS - അമ്പലവയൽ
III സെലിൻ ജോൺസൺ തൊഴുത്തുങ്കൽ - തോമാട്ടുചാൽ

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

### ലോഗോസ് ക്വിസ് രജിസ്ട്രേഷൻ

2010 ജൂലൈ 31 നുള്ളിൽ ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ഫോമും ഫീസും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

### സമ്മാനങ്ങൾ

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

### അഖിലകേരള തലത്തിൽ

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-400-50) ലഭിക്കുന്നതാണ്.

### രൂപതാ തലത്തിൽ

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3–ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
4–ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം
5–ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 5 പേർക്ക് വീതം.

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 26–ാം തീയതി നടത്തുന്ന രൂപതാതല പരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

**ഇടവകതലത്തിൽ**

ഓരോ പ്രായ വിഭാഗമനുസരിച്ച് 25–ന്റെ ഓരോ ഗുണിതത്തിനും (50, 75, 100, 125) ഒരു സമ്മാനം, എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

- 50 ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക് സമ്മാനങ്ങൾ
- 125 ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ
- 1000 ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
- 2000 ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും, 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. അഖിലകേരള തലത്തിലുള്ള സമ്മാനങ്ങൾ നവംബർ 28–ന് അഖിലകേരള മത്സര പരീക്ഷയുടെ സമാപനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും. ലോഗോസ് ക്വിസ് 2010–ന്റെ പോസ്റ്റർ, രജിസ്ട്രേഷൻഷീറ്റ് എന്നിവയ്ക്ക് ഇടവകകൾ രൂപതാ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

## മാധ്യമവർഷം

സ്നേഹമുള്ള മിഷൻലീഗ് പ്രവർത്തകരെ,

മാധ്യമങ്ങൾ മനുഷ്യമഹത്വത്തിന് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് മറ്റൊരു പ്രവർത്തനവർഷം കൂടി ആരംഭിച്ചിരിക്കുകയാണല്ലോ. മാധ്യമങ്ങളെ വിലയിരുത്തുവാനും അവയുടെ നന്മകളെ പരമാവധി പ്രയോജനപ്പെടുത്തുവാനും നമുക്കീവർഷം സാധിക്കട്ടെ. മഴ തിമിർത്തു പെയ്യുന്നതോടെ മഴക്കാല രോഗങ്ങളും പെരുകുകയാണ്. പനിയും മറ്റു പലരോഗങ്ങളും നമ്മുടെ നാടിനെ ശാപഗ്രസ്തമാക്കുന്ന സമയമാണ് മഴക്കാലം. ആയതുകൊണ്ട് മിഷൻലീഗ് അംഗങ്ങൾ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഒന്നാമതായത് പരിസരങ്ങൾ മാലിന്യ വിമുക്തമാക്കുക എന്നതാണ് ഏറ്റവും പ്രധാനം. വീടുകളുടെ പരിസരങ്ങൾ, സ്കൂൾ, കോളേജ്, പള്ളി പരിസരങ്ങൾ, ടൗണുകൾ എന്നിവ മാലിന്യവിമുക്തമാക്കാൻ അംഗങ്ങൾ മുന്നോട്ട് വരണം. രോഗബാധിതരായവർക്ക് ആവശ്യമെങ്കിൽ മരുന്നും വസ്ത്രവും ഭക്ഷണവും നൽകാൻ ശാഖകൾ മുന്നോട്ടുവരണം. മാത്രമല്ല, മഴക്കാലരോഗങ്ങളെ കുറിച്ചും അവയ്ക്കുള്ള പ്രതിവിധികളും കരുതൽ നടപടികളുമൊക്കെ Skit, പ്രബന്ധം, ചോദ്യോത്തര പംക്തി മുതലായവയിലൂടെ മാസമീറ്റിംഗുകളിൽ അവതരിപ്പിച്ച് ശാഖാഅംഗങ്ങളെ ബോധവൽക്കരിക്കാൻ നാം സന്മനസ്സ് കാട്ടണം. മാനസികവും ശാരീരികവുമായ ആരോഗ്യം ഉണ്ടെങ്കിലെ ഒരു ജനത പുരോഗതി പ്രാപിക്കുകയുള്ളൂ എന്നു നാം മനസ്സിലാക്കിയിരിക്കണം. അങ്ങനെ ഈ മഴക്കാലത്ത് നമ്മുടെ പ്രേഷിതദൗത്യം നമുക്ക് നിറവേറ്റാം. ആരോഗ്യകരമായ മഴക്കാലം ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**

## രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

2010-11 പ്രവർത്തനവർഷ ഉദ്ഘാടനവും രൂപതാകൗൺസിലും 12-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രൂപതാ പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ പതാക ഉയർത്തിയതോടുകൂടി കൗൺസിലിന് ഔദ്യോഗികമായി തുടക്കമായി. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ വെച്ച് മാനന്തവാടി രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പ്രവർത്തവർഷം ഉദ്ഘാടനം ചെയ്തു. സി.എം. എൽ. രൂപതാ പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ചു. മുൻ രൂപതാപ്രസി ഡണ്ട് ശ്രീ. ജോൺസൻ ചിറായിൽ പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാ ശനം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര ബൈബിൾ പ്രതിഷ്ഠയ്ക്ക് നേതൃത്വം നൽകുകയും കൗൺസിലിന് സ്വാഗതം ആശംസിക്കുകയും ചെയ്തു. സി.എം.എൽ. അന്തർദേശീയ പ്രസിഡണ്ട് ശ്രീ. തോമസ് ഏറണാട്ട്, അന്തർദേശീയ വൈസ്ഡയറ ക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ രൂപതാ ജോയിന്റ് ഡയറ ക്ടർ സി. ലിസ അലക്സ് SKD എന്നിവർ ആശംസകളർപ്പിച്ചു. ജന റൽ ഓർഗനൈസർ ശ്രീ. സജി വേങ്ങത്തടത്തിൽ മാർഗ്ഗരേഖ അവതരിപ്പിച്ചു.

## വെബ്സൈറ്റ് ഉദ്ഘാടനം

മാധ്യമവർഷമായി ആചരിക്കുന്ന ഈ പ്രവർത്തനവർഷം മാന ന്തവാടി രൂപത ഒരു വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. വെബ്സൈറ്റിന്റെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## പ്രേഷിതഭൂമിയ്ക്കൊരുമരം

സി.എം.എൽ. മാനന്തവാടി രൂപത ഈ വർഷം "പ്രേഷിത ഭൂമി യ്ക്കൊരുമരം" എന്ന പദ്ധതി ആരംഭിച്ചിരിക്കുന്നു. എല്ലാ ശാഖകൾക്കും രൂപത വൃക്ഷത്തൈകൾ നൽകി. പദ്ധതിയുടെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

## രൂപതാ മാനേജിംഗ് കമ്മിറ്റി

മെയ് 30-ാം തീയതി പാസ്റ്ററൽ സെന്ററിൽ രൂപതാ മാനേജിംഗ് കമ്മിറ്റി ചേരുകയും പ്രവർത്തനവർഷ പ്രോഗ്രാമുകൾ ചർച്ചചെയ്യുകയും മാർഗ്ഗരേഖയുടെ കരട് പാസാക്കുകയും ചെയ്തു. രൂപതാ എക്സിക്യൂ ട്ടീവ് മാനേജിംഗ് കമ്മിറ്റിക്ക് നേതൃത്വം നൽകി.

## രൂപതാ ടീം മാനേജിംഗ് & ട്രെയിനിംഗ്

11-ാം തീയതി വെള്ളിയാഴ്ച പാസ്റ്ററൽ സെന്ററിൽ രൂപതാ ടീം ട്രെയിനിംഗ് നടത്തപ്പെട്ടു. "മാധ്യമങ്ങൾ മനുഷ്യമഹത്വത്തിന്" എന്ന വിഷയത്തിൽ "റേഡിയോ മാറ്റൊലി" ഡയറക്ടർ ഫാ. ജെയ്സ് ചെട്ട്യാശേരി ട്രെയിനിംഗിന് ക്ലാസെടുത്തു.

## ഉണർവ്വ് 2010

ശാഖാഭാരവാഹികൾക്ക് മേഖലാ തലത്തിലുള്ള ട്രെയിനിംഗും മേഖലാ ഇലക്ഷനും 19-ാം തീയതി ശനിയാഴ്ച ചുങ്കക്കുന്ന് ശാഖയിൽ വെച്ച് നടന്നു. രഞ്ജിത്ത് മുതുപ്ലാക്കൽ, സജി വേങ്ങത്തടത്തിൽ എന്നിവർ സെമിനാറിന് ക്ലാസ് നയിച്ചു.

## ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം

ശാഖകളിൽ സംഘടനയ്ക്ക് കരുത്തുപകരുന്ന ജോ. ഡയറക്ടേഴ്സിന്റെ രൂപതാതല സംഗമം ജൂലൈ 10 ശനിയാഴ്ച 10 മണിക്ക് ദ്വാരക എ.യു.പി. സ്കൂളിൽ നടക്കുന്നതായിരിക്കും. സി.എം.എൽ. മുൻ ദേശീയ ഡയറക്ടർ റവ.ഫാ. ആന്റണി തെക്കേമുറി ക്ലാസ് നയിക്കും. മുഴുവൻ ജോ. ഡയറക്ടർ സിസ്റ്റേഴ്സും സംഗമത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## മേഖലാ ഡയറക്ടർ - ജോ.ഡയറക്ടർ സംഗമം

മേഖലാ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്ന മേഖലാ ഡയറക്ടേഴ്സിന്റേയും ജോ. ഡയറക്ടേഴ്സിന്റേയും സംഗമം ജൂലൈ 29 -ാം തീയതി വ്യാഴാഴ്ച 6 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. മേഖലാ ഡയറക്ടേഴ്സിനേയും ജോ.ഡയറക്ടേഴ്സിനേയും പ്രത്യേകം ക്ഷണിക്കുന്നു.

## സാഹിത്യ മത്സരങ്ങൾ

മേഖലാതലത്തിൽ സാഹിത്യ മത്സരങ്ങൾ ജൂലൈ മാസത്തിൽ നടത്തുകയും ജൂലൈ 31-ന് മുമ്പ് രൂപതാതല സാഹിത്യമത്സര ലിസ്റ്റ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഓഗസ്റ്റ് 15-ാം തീയതിയായിരിക്കും രൂപതാ സാഹിത്യമത്സരം നടക്കുന്നത്. (മാർഗ്ഗരേഖയിൽ 14-ാം തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്)

## എന്റെ മാറ്റൊലി

മാധ്യമവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ പ്രവർത്തനവർഷം പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന "റേഡിയോ മാറ്റൊലി" പ്രോഗ്രാം ജൂലൈ മാസത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ

കൊടുത്തിട്ടുള്ള ക്രമമനുസരിച്ച് ശാഖകൾ പ്രോഗ്രാമുകൾ ക്രമീകരി ക്കേണ്ടതാണ്.

**നന്ദിയോടെ.....**

കഴിഞ്ഞവർഷങ്ങളിൽ ധീരതയോടെ വിവിധ മേഖലകളെ നയിച്ച് അവിടെ നിന്നും സ്ഥലം മാറിപോകുന്ന ബഹു. മേഖലാ ഡയറക്ടറച്ച ന്മാർക്കും മേഖലാ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സിനും സ്നേഹ പൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു. ബത്തേരി മേഖലാ ഡയറക്ടർ റവ. ഫാ. മനോജ് അമ്പലത്തിങ്കലിനും, കൽപ്പറ്റ മേഖലാ ഡയറക്ടർ റവ. ഫാ. പീറ്റർ മുരിക്കനോലിക്കും, മണിമൂളി മേഖലാ ഡയറക്ടർ റവ. ഫാ. ജെയിംസ് മാങ്കോട്ടിലിനും അസി. ഡയറക്ടർ റവ.ഫാ. ജസ്റ്റിൻ മുത്താനിക്കാടിനും, കല്ലോടി മേഖലാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിലിനും, നടവയൽ മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് കാട്ടുതുരുത്തിക്കും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കു കയും ചെയ്യുന്നു.

വിവിധ മേഖലാ ജോയിന്റ് ഡയറക്ടർമാരായിരുന്ന് സംഘടനയെ നയിച്ച് പുതിയ സ്ഥലങ്ങളിലേയ്ക്ക് മാറിപ്പോകുന്ന കൽപ്പറ്റ മേഖലാ ജോ.ഡയറക്ടർ റവ. സി. ബെൻസി എസ്.എച്ച്, കല്ലോടി മേഖലാ ജോ. ഡയറക്ടർ റവ.സി. ജെസി ഫ്രാൻസീസ്, പുൽപ്പള്ളി മേഖലാ ജോ. ഡയറക്ടർ റവ. സി. തെരേസ് എസ്.കെ.ഡി., ബത്തേരി മേഖലാ ജോ. ഡയറക്ടർ റവ. സി. അർച്ചന എഫ്.സി.സി., ഗൂഡല്ലൂർ മേഖലാ ജോ. ഡയറക്ടർ റവ. സി. ജോസ്മി സി.എം.സി, നിലമ്പൂർ മേഖലാ ജോ.ഡ യറക്ടർ റവ. സി. മേഴ്സീന സി.എം.സി., മണിമൂളി മേഖലാ ജോ. ഡയറക്ടർ റവ. സി. കാതറിൻ സി.എം.സി., എന്നിവർക്കും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. ഒപ്പം പുതിയ പ്രവർത്തന മേഖ ലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**പുതിയ മേഖലാ ഡയറക്ടർമാർക്ക് സ്വാഗതം**

പുതിയ പ്രവർത്തനവർഷത്തിൽ വിവിധ മേഖലകളെ നയിക്കു വാൻ നിയമിതരായിരിക്കുന്ന വൈദീകർക്ക് സി.എം.എൽ. രൂപതാ കുടും ബത്തിന്റെ സ്വാഗതവും പ്രവർത്തന പന്ഥാവിൽ വിജയങ്ങളും ആശം സിക്കുന്നു. കൽപ്പറ്റ മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് മാങ്കോ ട്ടിൽ, അസി.ഡയറക്ടർ റവ.ഫാ. റോണി തോട്ടത്തിൽ, മണിമൂളി മേഖലാ ഡയറക്ടർ റവ.ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി.ഡയറക്ടർ

റവ.ഫാ. വിനോദ് പാക്കാനിക്കുഴി, കല്ലോടി മേഖലാ ഡയറക്ടർ റവ. ഫാ. ജോൺ പെരുമാട്ടിക്കുന്നേൽ, ബത്തേരി മേഖലാ ഡയറക്ടർ റവ. ഫാ. ഷൈജു പള്ളിച്ചാംകുടി T.O.R., നടവയൽ മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി എന്നിവർക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**പുതിയ മേഖലാ ജോ.ഡയറക്ടേഴ്സിന് സ്വാഗതം**

സംഘടനയുടെ ലക്ഷ്യങ്ങൾക്കൊത്ത് അംഗങ്ങളെ ധീരതയോടെ നയിക്കാൻ നിയമിതരായിരിക്കുന്ന കൽപ്പറ്റ മേഖലാ ജോ. ഡയറക്ടർ റവ.സി. ആൽഫി എസ്.എച്ചിനും, കല്ലോടി മേഖലാ ജോ.ഡയറക്ടർ റവ.സി. ബെറ്റ്സി എഫ്.സി.സി.ക്കും, ഗൂഡല്ലൂർ മേഖലാ ജോ. ഡയറക്ടർ റവ.സി. ഡെയ്സി റോസ് സി.എം.സി., മണിമൂളി മേഖലാ ജോ. ഡയറക്ടർ റവ.സി. സ്റ്റെല്ല എസ്.എച്ചിനും, ബത്തേരി മേഖലാ ജോ. ഡയറക്ടർ റവ.സി. ആഷ്‌ലി സി.എം.സിക്കും മേഖലാ പ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയങ്ങളും പ്രാർത്ഥനകളും നേരുന്നു.

**കാണിക്ക തന്നവർ**

അരുൾനിലയം – 256, ശാന്തിഗിരി – 285, തൃശ്ശിലേരി – 200, അമ്പായത്തോട് – 200, വിമലഗിരി – 100, യവനാർകുളം – 315, പറളിക്കുന്ന് – 100, ജൂഡ്സ്മൗണ്ട് – 235, വാഴവറ്റ – 224, കബിനിഗിരി – 250, റിപ്പൺ – 101, കേണിച്ചിറ – 200, കാരയ്ക്കാമല – 100, കൊമ്മയാട് – 320, മക്കിയാട് – 245, അരിഞ്ചേർമല – 110, പ്രശാന്തഗിരി – 125.

“മാധ്യമങ്ങൾ മനുഷ്യമഹത്വത്തിന്” എന്ന മുദ്രാവാക്യം ഹൃദയത്തിൽ സ്വീകരിച്ച് ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. രൂപതാ മാർഗ്ഗരേഖയോടൊപ്പം ശാഖാമേഖലാ തലങ്ങളിൽ മാർഗ്ഗരേഖ രൂപീകരിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യാം. എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്, മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാസെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

രൂപതയിലെ മുഴുവൻ യുവജനങ്ങൾക്കും യുവജനദിനാശംസകൾ....

കാലത്തിനും ദേശത്തിനുമപ്പുറത്തേക്ക് യുവത്വം യുവദർശനങ്ങളും സ്പന്ദിക്കുമ്പോൾ സഭയിന്ന് യൗവനയുക്തയാകുന്നു. സഭാത്മക ജീവിതത്തിൽ യുവജനങ്ങളുടെ സാന്നിധ്യവും സഹകരണവും നിറഞ്ഞ് നിൽക്കുന്നു. യുവാവായ യേശുവിന്റെ മുഖം യുവമനസ്സുകളിൽ നിറഞ്ഞ് നിൽക്കുന്നു.... സുവിശേഷത്തിലെ യേശുനൽകുന്ന മൂല്യാധിഷ്ഠിതവും വിശ്വാസാധിഷ്ഠിതവും ദൈവോന്മുഖവുമായ യുവത്വത്തിന് മജ്ജയും മാംസവും നൽകുവാൻ – സാമൂഹിക പ്രതിബദ്ധതയാർന്ന വികസനത്തിന് ചാലുകീറുവാൻ, ചിന്തകളെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുവാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

"Youth for peace and harmony" – യുവജനങ്ങൾ സമാധാനത്തിനും സഹവർത്തിത്വത്തിനും എന്ന ചിന്തയിലൂന്നി ഗോഹട്ടിയിൽ നടന്ന സി.ബി.സി.ഐ. സമ്മേളനം യുവജനങ്ങൾക്ക് ശുശ്രൂഷകൾക്ക് ഒരു പുത്തൻദിശാബോധം നൽകിയിരിക്കുന്നു....

സാമൂഹിക, രാഷ്ട്രീയ പ്രേഷിതത്വത്തിന് കൂടുതൽ ഊന്നൽ നൽകി, സാമൂഹിക നീതിക്കും മനുഷ്യാവകാശങ്ങൾക്കുംവേണ്ടി പോരാടുവാൻ ആഹ്വാനം ചെയ്യുന്നു. അക്രമാസക്തവും ഭീമത്സവുമായ അന്തരീക്ഷം സൃഷ്ടിച്ച് സമൂഹത്തെയും സമൂഹമനസ്സാക്ഷിയെയും കൂച്ചുവിലങ്ങിടുമ്പോൾ, സമത്വത്തിന്റെയും സഹവർത്തിത്വത്തിന്റേയും പാതകൾ ചൂണ്ടിക്കാണിക്കുവാൻ നമുക്ക് സാധിക്കണം. അതിനായി നേതൃഗുണവും മൂല്യബോധവും, വിശ്വാസതീഷ്ണതയുമുള്ള യുവതലമുറ

മുന്നോട്ട് വരണം. അവർ സമൂഹത്തിനും സഭയ്ക്കും, രാഷ്ട്രീയത്തിനും യുവത്വം പകരണം. യുവജനദിനാശംസകളോടെ,

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സിന് സ്വാഗതം

പുത്തൻ ഉണർവ്വും ഉത്സാഹത്തോടുകൂടെ യുവജന പ്രസ്ഥാനത്തിന് ദിശാബോധവും കരുത്തും നൽകുവാൻ മേഖലാ നേതൃസ്ഥാനത്തേക്ക് കടന്നുവന്നിരിക്കുന്ന ബഹു. വൈദീകർക്കും സിസ്റ്റേഴ്സിനും കെ.സി.വൈ.എം. രൂപതാ കുടുംബത്തിലേക്ക് സ്നേഹസ്വാഗതം.

പുതിയ മേഖലാ ഡയറക്ടർമാർ:- ബത്തേരി - റവ.ഫാ. ബെന്നി വെളിയത്ത്, കൊട്ടിയൂർ - റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, പയ്യംമ്പള്ളി - റവ.ഫാ. സിബി ചേലയ്ക്കാപ്പിള്ളി, പുൽപ്പള്ളി - റവ.ഫാ. ജിമ്മി ഓലിക്കൽ, തരിയോട് - റവ.ഫാ. റെജി മുതുകത്താനിയിൽ, മണിമൂളി - റവ.ഫാ. സെബാസ്റ്റ്യൻ കീഴേത്ത്, മാനന്തവാടി - റവ.ഫാ. മനോജ് അമ്പലത്തിങ്കൽ.

പുതിയ മേഖലാ ആനിമേറ്റർമാർ:- കല്ലോടി-സി. ജുസ്സെ എഫ്.സി.സി., കൊട്ടിയൂർ - സി. വിൻസി ജോൺ എഫ്.സി.സി., മണിമൂളി - സി. അനിറ്റ് മരിയ സി.എം.സി.

## കെ.സി.വൈ.എം. യുവജനസർവ്വേ

ഇടവകയിൽ നിന്നും പഠനത്തിനും ജോലിക്കുമായി പുറത്തുപോയിരിക്കുന്നവരുടെ പേര് വിവരങ്ങൾ കൃത്യമായ അഡ്രസ്സോടുകൂടെ ശേഖരിക്കുമല്ലോ. ജൂലൈ മാസം ഭവനങ്ങൾ സന്ദർശിച്ച് അഡ്രസുകൾ ശേഖരിച്ച് രൂപതാ ഭാരവാഹികൾ സന്ദർശനത്തിന് വരുമ്പോൾ ഏൽപ്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ''Anima - 10''

മാനന്തവാടി രൂപതയിലെ എല്ലാ മേഖലാ, യൂണിറ്റ് ആനിമേറ്റർമാരുടെയും സംഗമം മാനന്തവാടി സെന്റ് പോൾ & സെന്റ് പീറ്റർ ദേവാലയത്തിൽ വച്ച് ജൂൺ 12-ന് നടന്നു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം വചനപ്രതിഷ്ഠ നടത്തി. ശ്രീ. ബെന്നി പച്ചിക്കൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി സെന്റ് പോൾ & സെന്റ് പീറ്റർ ചർച്ച് വികാരി റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ക്രിസ്റ്റീന എസ്.സി.വി., റവ.ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർ ക്ലാസുകൾ നയിച്ചു. 'Anima-10' ൽ പങ്കെടുത്ത എല്ലാ മേഖലാ, യൂണിറ്റ് ആനിമേറ്റർമാരെയും നന്ദിയോടെ സ്മരിക്കുന്നു.

**വൈദീക വർഷാചരണവും ഡയറക്ടർമാരെ ആദരിക്കലും**

വൈദീകവർഷത്തോടനുബന്ധിച്ച് മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടേഴ്സിനെ ആദരിച്ചു. ജൂൺ 12-ന് മാനന്തവാടി സെന്റ് പോൾ & സെന്റ് പീറ്റർ ദേവാലയത്തിൽ വച്ചു നടന്ന ചടങ്ങിൽ രൂപതാ പ്രസിഡണ്ട് ശ്രീ. സജിൻ ചാലിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും, മോൺ ജോർജ് മൂലയിൽ അനുഗ്രഹപ്രഭാഷണവും നടത്തി. കല്ലോടി മേഖലാ ഡയറക്ടർ റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞിനാൽ, കൽപ്പറ്റ മേഖലാ ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ, നടവയൽ മേഖലാ ഡയറക്ടർ റവ.ഫാ. ജോഷി പുൽപ്പയിൽ എന്നിവർക്ക് മോൺ. ജോർജ് മൂലയിൽ മെമന്റോ നൽകി ആദരിച്ചു. പങ്കെടുത്ത എല്ലാ മേഖലാ ഡയറക്ടേഴ്സിനേയും നന്ദിയോടെ സ്മരിക്കുന്നു.

**പരിസ്ഥിതി ദിനാഘോഷം - 'ഭൂമിക്കൊരുകുട'**

മലയാളക്കരയുടെ തണലും കുളിരും പച്ചപ്പും വീണ്ടെടുക്കാൻ മലയാള മനോരമയും സംസ്ഥാന വനംവകുപ്പും ചേർന്ന് സംഘടിപ്പിച്ച 'ഭൂമിക്കൊരുകുട' പദ്ധതിയിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയും പങ്കുചേർന്നു. മാനന്തവാടി താലൂക്കിൽ നിന്നും ലഭിച്ച 5000 വൃക്ഷതൈകൾ കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ എല്ലാ യൂണിറ്റുകളിലും വിതരണം ചെയ്യുകയും വൃക്ഷതൈ നട്ടുകൊണ്ട് രൂപതാതല ഉത്ഘാടനം റവ.ഫാ. സണ്ണി കൊല്ലാർതോട്ടം നിർവ്വഹിക്കുകയും ചെയ്തു.

**വിവാഹ മംഗളങ്ങൾ**

കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച കെ.സി.വൈ.എം. കോ-ഓഡിനേറ്റർ ശ്രീ. സന്തോഷ് ഞാറക്കുളം ഭാര്യ ജിനി എന്നിവർക്ക് കെ.സി.വൈ.എം. രൂപതാ സമിതിയുടെ വിവാഹ മംഗളാശംസകൾ.

**യൂണിറ്റുകൾ സജീവമാക്കുക**

പുതിയ യൂണിറ്റ് ആനിമേറ്റർമാർക്ക് സ്വാഗതം. പ്രസ്ഥാനത്തെ ഇടവകകളിൽ സജീവമാക്കുവാൻ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് മുന്നിട്ടിറങ്ങണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. യുവജനദിനാഘോഷങ്ങൾ ഓരോ ഇടവകകളിലും ഭംഗിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ജൂലൈ 4-യുവജനദിനം : രൂപതാതല ഉദ്ഘാടനം-ആറാട്ടുതറ**

സമൂഹത്തിന്റെ ചാലക ശക്തിയായി വർത്തിക്കുന്ന വർത്തമാന

കാലത്തിന്റെ വികസനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന എല്ലാ യുവജന ങ്ങളെയും തിരുസഭ അംഗീകരിക്കുവാനും അനുമോദിക്കുവാനും വിനി യോഗിക്കുന്ന അവസരമാണ് യുവജനദിനം. എല്ലാവർക്കും യുവജനദി നത്തിന്റെ മംഗളാശംസകൾ. ഈ വർഷം ജൂലൈ 4-ാം തീയതിയാണ് യുവജനദിനം നാം ആഘോഷിക്കുന്നത്. യുവജനദിനത്തിന്റെ രൂപതാ തല ഉദ്ഘാടനം പയ്യമ്പള്ളി മേഖലയിലെ ആറാട്ടുതറ യൂണിറ്റിൽ വച്ചാണ് നടത്തപ്പെടുക. എല്ലാ കെ.സി.വൈ.എം. യൂണിറ്റുകളിലും അന്നേദിവസം യുവജനദിനം സമുചിതമായി കൊണ്ടാടുകയും വ്യത്യ സ്തമായ പരിപാടികൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലൊ. യുവജനദി നത്തിന് സെമിനാറുകൾ സംഘടിപ്പിക്കുവാനായി റിസോഴ്സ് പേഴ്സ ണിനെ ആവശ്യമുള്ളവർ കെ.സി.വൈ.എം. ഓഫീസിൽ അറിയിക്കു കയും വേണം.

## ജൂലൈ 10 രൂപതാ അർദ്ധവാർഷിക സെനറ്റ്

വിശ്വാസയുവത വികസിത രാഷ്ട്രം എന്ന പ്രവർത്തന മുദ്രാ വാക്യം മുഴക്കി 2010 വർഷത്തെ പ്രവർത്തനങ്ങളുടെ പകുതി പിന്നിടു മ്പോൾ കൊഴിഞ്ഞുപോയ നാളുകളെ വിലയിരുത്തുവാനും വരാൻ പോകുന്ന നാളുകളെ ഊർജ്ജസ്വലമാക്കുവാനും നടത്തുന്ന രൂപതാ അർദ്ധവാർഷിക സെനറ്റ് മീറ്റിംഗിൽ എല്ലാ മേഖല യൂണിറ്റ് സെനറ്റംഗ ങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം മേഖലാ സെനറ്റ് അംഗീകരിച്ച അർദ്ധവാർഷിക റിപ്പോർട്ട് ഓരോ മേഖലയും രൂപതയിൽ അവതരിപ്പിക്കേണ്ടതാണ്.

## ജൂലൈ 24- അടിയന്തിര സിൻഡിക്കേറ്റ്

ഡിസംബർ 4,5 തീയതികളിൽ മാനന്തവാടി രൂപതയുടെ ആതി ഥേയത്വത്തിൽ നടത്തപ്പെടുന്ന സംസ്ഥാന 'ഉത്സവ് 2010' ന്റെ ഒരുക്ക ങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാൻ എല്ലാ സിൻഡിക്കേറ്റ് മെമ്പർമാരുടെയും സീനിയർ ലീഡേഴ്സിന്റേയും മീറ്റിംഗ് ജൂലൈ 24-ാം തീയതി നടക്കു ന്നതാണ്. മേൽ പ്രസ്താവിച്ച ഏവരും പ്രസ്തുത സിൻഡിക്കേറ്റിൽ തിരക്കുകൾ മാറ്റിവച്ച് പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മേഖലാ കൺവെൻഷൻ

മേഖലാ ശാക്തീകരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. മാന ന്തവാടി രൂപതയും മേഖലകളും സംയുക്തമായി സംഘടിപ്പിക്കുന്ന മേഖല കൺവെൻഷനുകൾ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലായി സംഘടിപ്പിക്കുന്നു. എല്ലാ മേഖലകളുടെയും സൗക ര്യാർത്ഥം മേഖലകൾ സംയുക്തമായി നടത്താവുന്നതാണ്.

**ജോയിന്റ് മേഖലകൾ:-**

1) പയ്യമ്പള്ളി, മാനന്തവാടി, കല്ലോടി, 2) തരിയോട്, കൽപ്പറ്റ, 3) ബത്തേരി, ഗൂഡല്ലൂർ, പുൽപ്പള്ളി, 4) മണിമൂളി, നിലമ്പൂർ, 5) നടവയൽ, 6) കൊട്ടിയൂർ.

മേൽപ്പറഞ്ഞ മേഖലകൾ സ്വന്തമായോ സംയുക്തമായോ നടത്തുവാൻ ആഗ്രഹിക്കുന്നവർ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൺവെൻഷൻ തീയതികൾ മേഖലാസമിതികളുമായി കൂടി ആലോചിച്ച് അറിയിക്കുന്നതാണ്.

## ഉന്നതപഠനത്തിന് ഒരു സുവർണ്ണാവസരം

+2 കഴിഞ്ഞ് ഉപരിപഠനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഉന്നതപഠനത്തിന് കെ.സി.വൈ.എം. ഒരു സുവർണ്ണാവസരം ഒരുക്കുന്നു. ബാംഗ്ലൂരിൽ ഉത്തരവാദിത്വമുള്ള ഹോസ്റ്റൽ സൗകര്യത്തോടെ മിതമായ നിരക്കിൽ, ഉന്നതപഠന നിലവാരമുള്ള സ്ഥാപനത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർ കെ.സി.വൈ.എം. രൂപതാ ഓഫീസുമായി ഉടൻ ബന്ധപ്പെടുക.

## KCYM IDENTITY CARD

രജിസ്റ്റർ ചെയ്തിട്ടുള്ള KCYM അംഗങ്ങളുടെ ID Card ജൂലൈ ആദ്യവാരത്തോടെ വിതരണത്തിന് തയ്യാറായിരിക്കുന്നു. അതാത് യൂണിറ്റിലെ ഭാരവാഹികൾ രൂപതാ ഓഫീസിൽ വന്ന് പുതിയ ഫോട്ടോ പതിപ്പിച്ച Identity Card വാങ്ങേണ്ടതാണ്.

## യൂണിറ്റ് സന്ദർശനം

യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി രൂപതാസമിതിയുടെ നേതൃത്വത്തിൽ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മാനന്തവാടി രൂപതയിലെ എല്ലാ യൂണിറ്റുകളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നതാണ്. സന്ദർശന തീയതികൾ വരുംദിവസങ്ങളിൽ അതാത് യൂണിറ്റുകളെ അറിയിക്കുന്നതാണ്.

## സൗജന്യ ഹൃദയ പരിശോധന

ബാംഗ്ലൂർ നാരായണ ഹൃദയാലയ ആശുപത്രിയുമായി ചേർന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത സൗജന്യമായി ഒരു ഹൃദയ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. ആവശ്യമുള്ള യൂണിറ്റുകൾ എത്രയും വേഗം രൂപതാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## മേഖലാ വാർത്തകൾ - മാനന്തവാടി മേഖല

4-5-10 ദ്വാരകയിൽ നടന്ന രൂപതാദിനത്തിൽ മേഖലയിൽ നിന്നും

യുവജനങ്ങൾ പങ്കെടുത്തു. മേഖലാ പ്രസിഡണ്ട് ബിജു പുത്തൻകണ്ട ത്തിന്റെ നേതൃത്വത്തിൽ കണിയാരം യൂണിറ്റിലെ യുവജനങ്ങൾ പ്രശാന്തഗിരിയിൽ പള്ളിമുറിയുടെയും സെമിത്തേരിയുടെയും നിർമ്മാണ ത്തിൽ പ്രശാന്തഗിരി യൂണിറ്റിനെ സഹായിച്ചു.

കൽപ്പറ്റ ഡി പോൾ ദേവാലയത്തിൽ വച്ചുനടന്ന 'ആത്മീയ-2010' ജാഗരണ പ്രാർത്ഥനയിൽ മേഖലയിലെ യുവജനങ്ങൾ പങ്കെടുത്തു.

**പടമല യൂണിറ്റ്**

പടമല ഇടവകയിൽ മദ്യവിമുക്ത സെമിനാർ സംഘടിപ്പിക്കു കയും യൂണിറ്റിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ബെന്നി പച്ചിക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 25 മുതൽ 29 വരെ നടന്ന MPC കോഴ്സിൽ 92 പേരും, ജൂൺ 18 മുതൽ 21 വരെ നടന്ന കോഴ്സിൽ 93 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ജൂലൈ 30–02 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 14–17 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 27–30 | – | പാസ്റ്ററൽ സെന്റർ മണിമൂളി |

## മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി വിഷയാവതരണവും, ചർച്ചയും, ജൂലൈ 24–ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ.

മോൺ. ജോർജ് മൂലയിൽ, ശ്രീ. തോമസ് ഏറണാട്ട്, ഡോ. എബ്രഹാം എന്നിവർ വിഷയാവതരണം നടത്തുന്നു. തുടർന്ന് ഗ്രൂപ്പ് ചർച്ച. ബഹു. വൈദീകരെയും, സിസ്റ്റേഴ്സിനെയും ഈ മീറ്റിംഗിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. പ്രസ്തുത മീറ്റിംഗിലേയ്ക്ക് 2 അൽമായരെ വീതം തെരഞ്ഞെടുത്ത് അയക്കാൻ ബഹു. വൈദികർ ശ്രദ്ധിക്കണമേ എന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ജൂലൈ 20–തിന് മുൻപ് പാസ്റ്ററൽ സെന്ററിൽ ഓഫീസിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. മീറ്റിംഗ് രാവിലെ 9.30 മുതൽ 01 മണിവരെയായിരിക്കും.

## കത്തോലിക്കാ മാതൃസംഘടന

നാളിതുവരെ ഫൊറോന ഡയറക്ടേഴ്സായി സ്തുത്യർഹമായ

സേവനം അനുഷ്ഠിച്ച റവ.ഫാ. ജെയിംസ് കുന്നത്തേട്ട് (തരിയോട്), റവ.ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പിള്ളി (മുള്ളൻകൊല്ലി), റവ.ഫാ. ലാൽ പൈനുങ്കൽ (മണിമൂളി) എന്നിവർക്ക് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ അകൈതവമായ നന്ദി. ഒപ്പം മേഖല ആനിമേറ്റേഴ്സായി സേവനം അനുഷ്ഠിച്ച സി. എൽസിന S.H. (കൽപ്പറ്റ), സി. അനില S.H. (മാനന്തവാടി), സി. പുഷ്പ F.C.C. (മണിമൂളി), സി. ബെൻസി C.M.C. (നടവയൽ), സി. മരിയ S.K.D. (നിലമ്പൂർ), സി. റോസ് S.A.B.S. (ബത്തേരി), സി. ജോയ്സി S.K.D. (തരിയോട്) എന്നിവർക്ക് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നന്ദി അർപ്പിക്കുന്നു.

പുതിയ ഫൊറോന ഡയറക്ടേഴ്സായി കടന്നുവന്നിരിക്കുന്ന റവ. ഫാ. സെബാസ്റ്റ്യൻ പാലക്കിൽ (തരിയോട്), റവ.ഫാ. കുര്യാക്കോസ് കുമ്പുക്കിൽ (മണിമൂളി), റവ.ഫാ. ജോണി കുന്നത്ത് (പുൽപ്പള്ളി) എന്നിവർക്ക് ഏറെ ഹൃദ്യമായ സ്വാഗതം. ഫൊറോന ആനിമേറ്റേഴ്സായി നിയമിതരായിരിക്കുന്ന സി. ജോസ്ന S.K.D. (മാനന്തവാടി), സി. സെസിൻ F.C.C. (മണിമൂളി), സി. അർച്ചന F.C.C. (പുൽപ്പള്ളി), സി. ആഗ്നസ്റ്റ് C.M.C. (നടവയൽ), സി. ബനീഞ്ഞ M.S.M.I. (ബത്തേരി), സി. മരിയ F.C.C. (നിലമ്പൂർ), സി. കുസുമോസ് S.H. (കൽപ്പറ്റ), സി. ആൻസി ജോസ് F.C.C. (തരിയോട്), എന്നിവർക്ക് സ്നേഹോഷ്മളമായ സ്വാഗതവും പ്രവർത്തന വിജയങ്ങളും നേരുന്നു.

### മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റിംഗ്

ജൂൺ 15-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ 7 മേഖലയിലെ ഡയറക്ടേഴ്സും 9 മേഖലയിലെ ആനിമേറ്റേഴ്സും രൂപതാ എക്സിക്യൂട്ടീവും പങ്കെടുത്തു. രൂപതാ വൈസ് പ്രസി. ശ്രീമതി കത്രിക്കുട്ടി ബഹു. വൈദികർക്ക് ആശംസ അർപ്പിക്കുകയും ചെറിയ സ്നേഹോപഹാരം നൽകുകയും ചെയ്തു. തുടർന്ന് കലാമത്സരങ്ങളെപ്പറ്റി വിലയിരുത്തുകയും പോരായ്മകളും, ആശയങ്ങളും പങ്കുവച്ചു. രൂപതാ ടീം മേഖലാ സന്ദർശനം നടത്തുന്ന തീയതി : ജൂൺ 26 പയ്യംപള്ളി, ജൂലൈ 10 കൊട്ടിയൂർ, ജൂലൈ 17 മാനന്തവാടി, ജൂലൈ 31 കല്ലോടി. മീറ്റിംഗിൽ പങ്കെടുത്തവർക്ക് രൂപതാ ആനിമേറ്റർ സി. ടെസീന നന്ദിയർപ്പിച്ചു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

### പയ്യമ്പള്ളി മേഖല

മെയ് 18-ന് പനവല്ലി ദേവാലയത്തിൽ വച്ച് മേഖലാ ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കലച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച വി. ബലിയോടുകൂടി സെമിനാറിന് തുടക്കമിട്ടു. തുടർന്ന് റവ.ഫാ. ബാബു

പാറയിലച്ചൻ ക്ലാസെടുത്തു പ്രസിഡണ്ട് മോളി ജോർജ് നന്ദി യർപ്പിച്ചു. മേഖലാ സെമിനാറിനുവേണ്ടി ഇടവക ഒരുക്കി സഹക രിച്ച ബഹു. ജോഷിയച്ചനെയും സംഘാംഗങ്ങളെയും അമ്മമാർക്ക് എല്ലാ വിധ പ്രോത്സാഹനങ്ങളും നൽകി നയിക്കുന്ന മേഖലാ ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കലച്ചനെയും നന്ദിയോടെ സ്മരിക്കുന്നു.

19-ന് മേഖലാ ഭാരവാഹികൾ ഡയറക്ടർ ബഹു. തോമസ് ഒറ്റ പ്ലാക്കലച്ചന്റെ നേതൃത്വത്തിൽ (തണൽ) അഗതിമന്ദിരം സന്ദർശിച്ച് ആവ ശ്യമായ സഹായങ്ങൾ ചെയ്തു അവരുടെ സന്തോഷത്തിലും ദു:ഖത്തിലും പങ്കുചേർന്നു.

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലാ യുടെ നേതൃത്വത്തിലും ആനിമേറ്റർ സി. ജോസ്നയുടെ സാന്നിദ്ധ്യ ത്തിലും പ്രസി. ലിസമ്മ മഠത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിലും മാതൃ സംഘത്തിന്റെ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വചനത്തെ അടിസ്ഥാനപ്പെടുത്തി വികാരിയച്ചൻ ക്ലാസ് നയിച്ചു. ചർച്ച നടത്തി.

മെയ്മാസത്തിൽ എല്ലാ അമ്മമാരുടെയും ഭവനങ്ങളിൽ ചെയിൻ റോസറി നടത്തി. എല്ലാ വെള്ളിയാഴ്ചയും വി.കുർബാനയ്ക്ക് മുമ്പ് ജപമാല അമ്മമാരുടെ നേതൃത്വത്തിൽ പള്ളിയിൽ നടത്തി. മാസ അവ സാനത്തിൽ ഗ്രോട്ടോയിൽ ജപമാല അർപ്പിച്ചു. നേർച്ചഭക്ഷണം അമ്മ മാരുടെ നേതൃത്വത്തിൽ നടത്തി.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"എന്റെ കർത്താവെ എന്റെ ദൈവമേ" വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ അനുവാചകർക്ക് എല്ലാവർക്കും ദുക്റാന തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ്**

2010 ജൂൺ 4 ആദ്യവെള്ളി സിയോൻ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ 77 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒന്നിച്ചു ചേർന്നു. 9.30 ന് ആരാധനക്കായി ദിവ്യകാരുണ്യനാഥനെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. ശ്രീ. എമ്മാനുവൽ ആക്കാന്തിരിയിൽ ജപമാലയും ശ്രീ. ജോർജ് കൈനിക്കുന്നേൽ ആരാധനയും നയിച്ചു. 11.15 ന് K.S.T യിൽ നിന്നും ജീവജ്വാലയെക്കുറിച്ച് സംസാരിക്കുവാൻ ശ്രീ. വി. വി. ജോസഫ് വന്ന് വചനം പങ്കു വെച്ചു. ജീവജ്വാല വരുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. 11.40 ന് സിയോൻ ശുശ്രൂഷകൻ ശ്രീ. ജോസ് കളപ്പുര വചനം പങ്കുവെച്ചുകൊണ്ടുള്ള ക്ലാസ് എടുത്തു. സിയോൻ ശുശ്രൂഷകരെ വചന പ്രഘോഷണത്തിന് ഒരുക്കുവാൻ ഓരോ സോണൽ മീറ്റിംഗിലും ഓരോരുത്തർ മാറി മാറി ക്ലാസ് എടുക്കുക എന്ന മുൻ തീരുമാനം അനുസരിച്ചാണ് ഇപ്രകാരം ചെയ്തത്. 12 മണിക്ക് ബഹു. ജോർജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 1.45 ന് ബഹു. പാറയിൽ അച്ചൻ നിർദ്ദേശങ്ങളും അറിയിപ്പുകളും തന്നു. ജൂണിലെ ജാഗരണ പ്രാർത്ഥന 18-6 -2010 മൂന്നാം വെള്ളിയാഴ്ച ആയിരിക്കും. നന്ദി പറയുക നമ്മുടെ സ്വഭാവമാകണം. ആദ്ധ്യാത്മിക ജീവിതത്തിൽ നാം പക്വത പ്രാപിക്കുമ്പോൾ ഭൗതികകാര്യങ്ങൾ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ കഴിയും. അച്ചൻ അനുസ്മരിപ്പിച്ചു. ജീസസ് യൂത്ത് ഡയറക്ടർ ആയി നിയമിതനായ ബഹു.മനോജ് കാക്കോനാൽ അച്ചനെ സ്വാഗതം ചെയ്തു

കൊണ്ട് ബഹു. പാറയിൽ അച്ചൻ സംസാരിച്ചു. കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം പൂവ് നൽകി ആശംസകളർപ്പിച്ചു. ഉച്ചകഴിഞ്ഞുള്ള സമയം ശുശ്രൂഷകർ കൺവെൻഷനുള്ള ഒരുക്കശുശ്രൂഷകൾ ചെയ്തു.

**ജാഗരണപ്രാർത്ഥന**

6 PM – 6.30 മൗനപ്രാർത്ഥന 6.30 – 7 ജപമാല, 7 മണിക്ക് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 8 മണിക്ക് ജാഗരണപ്രാർത്ഥനയ്ക്കായി വന്ന എല്ലാവർക്കും അത്താഴം നൽകി. തുടർന്ന് കുരിശിന്റെ വഴി നടത്തി. അതിനുശേഷം ബഹു. പാറയിൽ അച്ചൻ ആരാധനയ്ക്കായി ദിവ്യകാരുണ്യനാഥനെ എഴുന്നള്ളിച്ചു വെച്ചു. 12 മണി വരെ തുടർന്ന ജാഗരണപ്രാർത്ഥന ബഹു. വൈദികരും സിയോൻ ടീമും ചേർന്ന് നയിച്ചു.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

6 AM ന് മാതൃസന്നിധിയിൽ എത്തി സിയോനും ചുറ്റും നടന്ന്പ്രാർത്ഥിച്ച ശുശ്രൂഷകരെ വചനസന്ദേശം നൽകി, വി. ജലം തളിച്ച് ബഹു. പാറയിൽ അച്ചൻ ശുശ്രൂഷയ്ക്ക് സജ്ജരാക്കി. തിരുഹൃദയ സന്യാസിനീസമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചായിരുന്നു ഇന്നത്തെ 'തിരുഹൃദയ കൺവെൻഷൻ'. 8.30 ന് സ്റ്റേജിൽ പതിവ് ശുശ്രൂഷകൾ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 10.45 ന് സി.ആൻസി പോൾ SH വചനപ്രഘോഷണം നടത്തി. 11.45 ന് നമുക്കെല്ലാവർക്കും പ്രിയങ്കരനായ അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിന് (മണ്ഡ്യ ബിഷപ്പ്) സ്റ്റേജിൽ സ്വീകരണം നൽകി. 12 ന് അഭിവന്ദ്യ പിതാവ് വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം 2.15 – 2.45 വരെ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഈശോയുടെ തിരുഹൃദയ സ്നേഹത്തെക്കുറിച്ച് സന്ദേശം നൽകി. തുടർന്ന് ആരാധനയും സമാപനാശീർവ്വാദവും അഭിവന്ദ്യ ജോസ് പിതാവ് നൽകി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി.

**രണ്ടാംശനി ശുശ്രൂഷകൾ**

**കൗൺസിലിംഗ് ദിനം**

76 പേർ വന്ന് കൗൺസിലിംഗ് നടത്തി ശാരീരിക, മാനസിക, ആദ്ധ്യാത്മിക സൗഖ്യം നേടി.

**യുവജനദിനം**

32 യുവജനങ്ങൾ പങ്കെടുത്തു. യൂത്ത് ഡയറക്ടർ ബഹു. മനോജ്

കാക്കോനാൽ അച്ചൻ വി.ബലി അർപ്പിച്ചു. ക്ലാസ്സെടുത്തു. അച്ചനും യൂത്ത് ടീമും ചേർന്ന് ആരാധന നയിച്ചു.

**ദമ്പതീകൂട്ടായ്മ**

29 ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി.ബലി അർപ്പിച്ചു. ക്ലസ്സെടുത്തു. അച്ചനും ദമ്പതി ടീമും ചേർന്ന് ആരാധന നയിച്ചു.

**മൂന്നാംവെള്ളി - സൗഖ്യദിനം**

സൗഖ്യം പ്രതീക്ഷിച്ച് സിയോൻ ചാപ്പലിൽ ധാരാളം രോഗികൾ വന്നെത്തി. 9.30 ന് ആരാധന ആരംഭിച്ചു. ശ്രീ. എമ്മാനുവൽ ആക്കാന്തിരി വിവിധ നിയോഗങ്ങളുമായി ജപമാല നയിച്ചു. തുടർന്ന് ശ്രീ. ചാക്കോച്ചൻ പുത്തൻപുര ആരാധന നയിച്ചു. 11.30 മുതൽ ബഹു. പാറയിൽ അച്ചനും ബഹു. മേമന അച്ചനും ചേർന്ന് സൗഖ്യ പ്രാർത്ഥനയും കൈവയ്പ്പുശുശ്രൂഷയും നടത്തി. 12 മണിക്ക് ബഹു. മേമന അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. കുമ്പസാരത്തിനും കൗൺസിലിംഗിനും സൗകര്യം ഒരുക്കി.

**സിയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| ജൂലൈ 2 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| | - | ജാഗരണ പ്രാർത്ഥന |
| 3 ആദ്യശനി | - | കൺവെൻഷൻ |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 10 രണ്ടാംശനി | - | കൗൺസിലിംഗ് |
| | - | യുവജനകൂട്ടായ്മ |
| | - | ദമ്പതീകൂട്ടായ്മ |
| 16 മൂന്നാംവെള്ളി | - | സൗഖ്യദിനം |
| | - | ജാഗരണപ്രാർത്ഥന |
| 30 അഞ്ചാംവെള്ളി | - | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേ,

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

അടുത്ത ഭരണസമിതി വരുന്നതിനു മുമ്പുതന്നെ ഈ ബോർഡിന്റെ ഉത്തരവാദിത്ത്വങ്ങളും കണക്കുകളും പൂർത്തീകരിക്കുന്നതിന് എല്ലാ കോൺഫ്രൻസുകളും എ.സി കളും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സി.സി വാർഷിക വിഹിതം, സി.സി വർക്കിംഗ് ഫണ്ട്, മാർഗ്ഗദീപം പുസ്തകത്തിന്റെ വില, ടിന്നിംഗ് ഇല്ലാത്തതും സന്ദർശന ലിസ്റ്റിൽ പെടാത്തതുമായ കോൺഫ്രൻസുകൾ പ്രതിവർഷം ഓസ്സാനാംഭവനു ശേഖരിച്ചു നൽകേണ്ട സംഭാവനകൾ എന്നീ ഇനങ്ങളിലെ കുടിശിഖകൾ എന്നിവ ശേഖരിച്ച് സി.സി ഓഫീസിൽ എത്തിച്ച് തന്നാൽ നന്നായിരിക്കും. TTS, HES പുതുക്കൽ സർട്ടിഫിക്കറ്റുകൾ, സ്റ്റഡിസർട്ടിഫിക്കറ്റ് തരാത്തവർക്ക് 12 – 7 വരെ സമയം നീട്ടിത്തരുന്നു. എല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജെസ്റ്റിൻ**
സി.സി. പ്രസിഡണ്ട്



# അറിയിപ്പുകൾ

## 1) എസ്. എച്ച്. ലീഗ് ബുക്ക് ഫെസ്റ്റ് 2010

ജൂൺ 21 മുതൽ ജൂലൈ 17 വരെ പ്രവർത്തനസമയം 9 a.m. മുതൽ 3.30 p.m.വരെ

സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ, ആലുവ 683 102, Phone: 0484-2606745, 2606746, Fax: 0484-2604729, E-mail: mshleague@gmail.com

വമ്പിച്ച ആദായവിൽപ്പന - 10% മുതൽ 50% വരെ റിഡക്ഷൻ

- ഇന്ത്യയിലെ പ്രധാന ക്രൈസ്തവ പ്രസാധകരുടെ പുസ്തകങ്ങൾ.
- ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

ക്രൈസ്തവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന പുസ്തകങ്ങളുടെ പ്രസാധനംവഴി കേരളീയ മനസ്സുകളിൽ സ്ഥാനം പിടിച്ച എസ്.എച്ച്. ലീഗിലേക്ക് ഏവർക്കും സ്വാഗതം.

## 2) Snehalayam - Counseling Centre

Erumathala P.O., Choondy JN., Aluva, Kerala - 683 112

### സൗജന്യ ഫോൺ കൗൺസലിംഗ്

വിവിധ മാനസിക പ്രശ്നങ്ങൾ, ദേഷ്യം, ആത്മഹത്യാചിന്ത, മദ്യ പാനം, ചീട്ടുകളി, കടം, മയക്കുമരുന്ന്, പാൻപരാഗ്, ഭാര്യാഭർതൃ സംശ യം, വൈരാഗ്യം, മാനസിക രോഗങ്ങൾ, ഭയങ്ങൾ, അപകടമരണം, പരീ ക്ഷാഭയം, മാനസിക പിരിമുറുക്കം, ലൈംഗികപ്രശ്നങ്ങൾ ഇവയാൽ വിഷമിക്കുമ്പോൾ ആലുവ ചൂണ്ടി സ്നേഹാലയം 24 മണിക്കൂറും

ഫോണിലൂടെ കൗൺസലിംഗ് സൗകര്യം നൽകുന്നു. ഇങ്ങനെയുള്ള വർക്ക് ഒരാഴ്ച മുതൽ ഒരു വർഷംവരെ സ്നേഹാലയത്തിൽ താമസിച്ച് കൗൺസിലിംഗ്, ധ്യാനം, മരുന്ന് ഇവയുടെ സഹായത്തോടെ ജീവിത പരിവർത്തനം നടത്തുവാൻ അവസരം നൽകുന്നു. ഫോൺ വിളിച്ച ശേഷം എപ്പോൾ വേണമെങ്കിലും വരാവുന്നതാണ്.

വിവരങ്ങൾക്ക് : ഫാ. ജോർജ് പാറേമ്മാൻ സി.എസ്.ടി., ഡയറക്ടർ, സ്നേഹാലയം, ചൂണ്ടിക്കവല, എരുമത്തല പി.ഒ., ആലുവ-12, ഫോൺ: 9447465414, 0484-2837651.

**ഫാ. ജോർജ് പാറേമ്മാൻ സി.എസ്.ടി.**
(ഡയറക്ടർ, സ്നേഹാലയം)

**ഫാ. അലോഷ്യസ് പാറത്താഴം സി.എസ്.ടി.**
സുപ്പീരിയർ, സ്നേഹാലയം

## 3) Cosmo Pilgrimage ഒരുക്കുന്ന 2010-2011 ലെ വിശ്വതീർത്ഥാടനം

1) വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദ്, വത്തിക്കാൻസിറ്റി, റോം, വെനീസ്, പാദുവ, പാരിസ് സിറ്റി, ഇസ്രായേൽ, പാലസ്തീൻ, ജോർദ്ദാൻ തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് 2010 ഒക്ടോബർ, നവംബർ മാസങ്ങളിലും,

2) വചനം മാംസമായ യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പാലസ്തീൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് 2011 ഏപ്രിൽ, മെയ് മാസങ്ങളിലുമായി തീർത്ഥയാത്രകൾ ഒരുക്കിയിരിക്കുന്നു.

താൽപര്യമുള്ളവൻ ബന്ധപ്പെടുക.:-

Fr. Vincent Pudussery
St. Joseph's Church
Rippon P.O., Wayanad (Dist), Kerala 673577
Phone: 04936-280757, Mobile: 09388431601
E-mail: vincentpudussery@gmail.com
Website: www.cosmopilgrimage.com



ജ്യീഴ്യമാാല

## PASTORAL CENTRE, DWARAKA

### *July - 2010*

| | | |
|---|---|---|
| *02 Fri* | - | *Zion CRC : Night Vigil* |
| *03 Sat* | - | *Zion CRC : Prayer Day* |
| | - | *Christeen Prayer Day* |
| *03 Sat- 04 Sun* | - | *Catechism : Teachers' Training* |
| *04 Sun* | - | *KCYM Syndicate* |
| *09 Fri* | - | *CML Executive; KCYM Syndicate* |
| *10 Sat* | - | *KCYM Half Yearly Senate* |
| *11 Sun-14 Wed* | - | *Marriage Preparation Course* |
| *13 Tue* | - | *CMA Executive* |
| *16 Fri - 20 Tue* | - | *Zion CRC : Retreat* |
| *17 Sat* | - | *Catechism HDC* |
| *20 Tue* | - | *Marian Singles* |
| *24 Sat* | - | *Major Archiepiscopal Assembly-Preparation* |
| *25 Sun* | - | *Catechism Team Meeting* |
| *29 Thu* | - | *CML Executive: Megala Directors and Joing Directors Meet* |
| *30 Fri Aug 02* | - | *Marriage Preparation Course* |

**Rev. Fr. Mathew Kazhuthadiyil**

Director, Pastoral Centre



# Bishop's Programme

## 2010 July

| | |
|---|---|
| 1 Thu 5 Mon..... | Kuwait |
| 7 Wed ........... | Visitors' Day |
| 8 Thu 9 Fri ..... | Out of Station |
| 10 Sat 11 Sun .... | Ernakulam : KLM Meeting |
| 12 Mon Morning | Nadavayal: Best School Result Award Distribution by Staff Co-ordination Committee |
| 12 Mon 13 Tue .. | Kunnoth: Seminary Commission meeting |
| 14 Wed ............ | Vadapuram : Blessing of the Church |
| 15 - 30 ............ | Abroad |

## 2010 August

| | |
|---|---|
| 1 Sun 7 Sat ..... | Kakkanad : KCBC Retreat for Bishops |
| 8 Sun ............... | Thamarassery Cathedral |
| 9 Mon 10 Tue .. | Dwaraka : Living Together Programme of Priests - 1st Batch |
| 11 Wed ............ | Priests' Conference |
| 11 Wed 12 Thur | Dwaraka : Living Together Programme of Priests - 2nd Batch |

| | |
|---|---|
| *13 Fri ................* | *Out of Station* |
| *14 Sat ................* | *Thonichal : SKD Generalate, Jubilee Mass* |
| *15 Sun ...............* | *Munderi : Laying of foundation stone for new church* |
| *16 Mon 28 Sat....* | *Kakkanad : Synod of Bishops & Major Archiepiscopal Assembly* |
| *29 Sun .............* | *Devagiri : CMI Platinum Jubilee of CMI Foundation* |
| *30 Mon .............* | *Visitors' Day* |
| *31 Tue .............* | *Kunnoth : Seminary Commission Meeting* |